TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
01



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 01 APRIL, 2026

## Awards

- 2025 ലെ ലോക ആർച്ചറി അവാർഡ്സിൽ ഏറ്റവും മികച്ച പാരാ ആർച്ചറായി തിരഞ്ഞെടുക്കപ്പെട്ടത്

  **ശീതൾ ദേവി**
  - 2024 ലെ പാരാലിമ്പിക്സിൽ വെങ്കല മെഡൽ നേടി
  - 2023 ലെ അർജുന അവാർഡ് നേടി
- **ഹോക്കി ഇന്ത്യ അവാർഡ്സ് 2025**
  - മികച്ച പുരുഷ താരം - **ഹർദിക് സിങ്**

    (2020, 2024 ഒളിംപിക്സുകളിൽ വെങ്കലം നേടിയ ഇന്ത്യൻ ഹോക്കി ടീമിൽ അംഗം)
  - മികച്ച വനിതാ താരം - **നവനീത് കൗർ**

## National

- ഇന്ത്യയിൽ ഉപയോഗിക്കാൻ അടുത്തിടെ അനുമതി ലഭിച്ച ഡെങ്കിപ്പനി വാക്സിൻ

  **Qdenga (TAK-003)**
  - ഡെങ്കിപ്പനിക്കെതിരെ ലോകത്ത് നിലവിലുള്ള ഏക വാക്സിനാണിത്.
  - ജാപ്പനീസ് കമ്പനിയായ ടകെഡയാണ് വാക്സിൻ വികസിപ്പിച്ചത്
- ആദ്യമായി ലേ സന്ദർശിക്കുന്ന സുപ്രീം കോടതി ചീഫ് ജസ്റ്റിസ്

  **സൂര്യകാന്ത്**
  - ഇന്ത്യയുടെ 53-ാമത് ചീഫ് ജസ്റ്റിസ്

## International

- 2026 മാർച്ചിൽ ലോകാരോഗ്യ സംഘടനയിൽ നിന്ന് പിന്മാറിയ തെക്കേ അമേരിക്കൻ രാജ്യം

  **അർജന്റീന**

## Sports

- **മിയാമി ഓപ്പൺ ടെന്നീസ് 2026**
  - പുരുഷ സിംഗിൾസ് - **ജാനിക് സിന്നർ** (ഇറ്റലി)
  - വനിതാ സിംഗിൾസ് - **അര്യാന സബലേങ്ക** (ബെലാറസ്)
- T-20 ക്രിക്കറ്റിൽ 300 മത്സരങ്ങൾ പൂർത്തിയാക്കുന്ന ആദ്യ ഇന്ത്യൻ ടീം

  **മുംബൈ ഇന്ത്യൻസ്**
  - 19 സീസണുകളിലായി IPL-ൽ 278 മത്സരം കളിച്ച മുംബൈ അഞ്ച് ചാമ്പ്യൻസ് ലീഗ് സീസണുകളിലായി 22 മത്സരങ്ങളും കളിച്ചു.
  - IPL-ൽ ഏറ്റവും കൂടുതൽ മത്സരങ്ങൾ വിജയിച്ച ടീമും മുംബൈ ഇന്ത്യൻസാണ്
- IPL-ൽ ഒരു ടീമിനെതിരെ ഏറ്റവും കൂടുതൽ റൺസ് നേടിയ താരം

  **രോഹിത് ശർമ്മ** (കൊൽക്കത്തയ്ക്കെതിരെ )

◆ അടുത്തിടെ വിരമിക്കൽ പ്രഖ്യാപിച്ച ഇന്ത്യൻ ഹോക്കി താരം

**ഗുർജന്ത് സിംഗ്**

❖ 2020, 2024 ഒളിംപിക്സുകളിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ ടീമിൽ അംഗം

◆ 2026 IPL സീസണിൽ സഞ്ജു സാംസൺ കളിക്കുന്ന ടീം - **ചെന്നൈ സൂപ്പർ കിങ്സ്**

❖ സഞ്ജുവിന് പുറമെ മലയാളികളായ വിഘ്നേശ് പുത്തൂർ (രാജസ്ഥാൻ റോയൽസ്), വിഷ്ണു വിനോദ് (പഞ്ചാബ് കിങ്സ്) എന്നിവരും 2026 IPL കളിക്കുന്നുണ്ട്

**Today's MCQ**

1. 2026 മാർച്ചിൽ കേരള ഹൈക്കോടതിയിലെ ആദ്യത്തെ അഡീഷണൽ സോളിസിറ്റർ ജനറലായി (ASG) നിയമിതനായത്

   (a) എൻ.കെ. ജയകുമാർ (b) അനിൽ കെ. നരേന്ദ്രൻ

   (c) അഡ്വ. പി. ശ്രീകുമാർ (d) ദേവൻ രാമചന്ദ്രൻ

2. 2026-ലെ ആബേൽ സമ്മാനം ലഭിച്ചത്

   (a) Masaki Kashiwara (b) Gerd Faltings

   (c) Michel Talagrand (d) Luis Laffardli

**Ans : 1. (c), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
02-03



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 02, 03 APRIL, 2026

## Important days

- ഏപ്രിൽ 2 ലോക ഓട്ടിസം അവബോധ ദിനം

  ഓട്ടിസത്തെ കുറിച്ച് അവബോധം ഉണ്ടാക്കാൻ ഈ ദിനം ആചരിക്കുന്നു
- പ്രമേയം – **Autism and Humanity – Every Life Has Value**

## Books and Author

- On earth as it is beneath എന്ന നോവൽ രചിച്ചത്

  **അന പൗല മായ** (ബ്രസീലിയൻ എഴുത്തുകാരി)
  - ഈ പുസ്തകം ഇന്റർനാഷണൽ ബുക്കർ പ്രൈസിലേക്ക് ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ടു
  - ഈ പുസ്തകം ഇംഗ്ലീഷ് വിവർത്തനം ചെയ്തത് ഇന്ത്യൻ വംശജയായ പത്മ വിശ്വനാഥനാണ്

## National

- സാമ്രാട്ട് സംപ്രതി മ്യൂസിയം നിലവിൽ വന്നത്

  **ഗുജറാത്ത്**
  - നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു
  - പ്രമുഖ മൗര്യ ചക്രവർത്തിയായ സാമ്രാട്ട് സംപ്രതി ജൈന മത പ്രചാരകനായിരുന്നു
- അമരാവതിയെ ആന്ധ്രാ പ്രദേശിന്റെ ഏക തലസ്ഥാനമായി അംഗീകരിക്കാനുള്ള ഭേദഗതി ഉൾപ്പെടുത്തിയ ആന്ധ്രാപ്രദേശ് പുനഃസംഘടനാ ബിൽ ലോക്സഭ പാസാക്കി
  - 2024 ജൂൺ 2 മുതൽ മുൻകാല പ്രാബല്യത്തോടെയാണ് അമരാവതിക്ക് തലസ്ഥാന പദവി നൽകുന്നത്.
  - ഈ മാറ്റത്തിനായുള്ള പ്രമേയം ആന്ധ്രാപ്രദേശ് നിയമസഭ മാർച്ച് 28ന് പാസാക്കിയിരുന്നു.
  - 2014 ൽ ആന്ധ്ര വിഭജിച്ച് തെലങ്കാന രൂപീകരിച്ചതോടെയാണ് പുതിയ തലസ്ഥാനത്തിന്റെ ആവശ്യം വന്നത്.
  - നിലവിൽ ഹൈദരാബാദിലാണ് ആന്ധ്രയുടെ നിയമസഭയും ഹൈക്കോടതിയും പ്രവർത്തിച്ചു വരുന്നത്.

## International

- 2026 ൽ 50 വർഷം പൂർത്തിയാക്കിയ ടെക്നോളജി കമ്പനി

  **ആപ്പിൾ**
  - 1976 ൽ കാലിഫോർണിയ ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിച്ചു

## Science and Tech

**ആർട്ടിമിസ് 2**

- വിക്ഷേപിച്ചത്

  **2026 ഏപ്രിൽ 2** (ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം അനുസരിച്ച്)
- ഫ്ളോറിഡയിലെ കെന്നഡി സ്പേസ് സെന്ററിൽ നിന്ന് നാസയുടെ എസ്.എൽ.എസ് (Space Launch System - SLS) റോക്കറ്റിലായിരുന്നു വിക്ഷേപണം

- ❖ 1972 ലെ അവസാന അപ്പോളോ ദൗത്യത്തിന് ശേഷം മനുഷ്യനെ വീണ്ടും ചന്ദ്രനിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ആർട്ടിമിസ് പദ്ധതിയിലെ, മനുഷ്യരെ വഹിച്ചുകൊണ്ടുള്ള ആദ്യ വിക്ഷേപണമാണിത്.
- ❖ ഈ ദൗത്യത്തിൽ പേടകം ചന്ദ്രനിൽ ഇറങ്ങില്ല. പകരം, നാല് ബഹിരാകാശ സഞ്ചാരികളുമായി ചന്ദ്രനെ വലം വെച്ചശേഷം തിരികെ ഭൂമിയിലേക്ക് മടങ്ങും.
- ❖ സഞ്ചാരികൾ **- റീഡ് വൈസ്മാൻ** (കമാൻഡർ), **ക്രിസ്റ്റീന കോച്ച്** (ചന്ദ്രദൗത്യത്തിൽ പങ്കാളിയാകുന്ന ആദ്യ വനിത), **വിക്ടർ ഗ്ലോവർ** (ചന്ദ്രദൗത്യത്തിൽ പങ്കാളിയാകുന്ന ആദ്യത്തെ കറുത്ത വർഗക്കാരനാണ് ഇദ്ദേഹം ), **ജെറമി ഹാൻസൻ** (കനേഡിയൻ സ്പേസ് ഏജൻസിയിൽ നിന്നുള്ള യാത്രികൻ അമേരിക്കക്കാരനല്ലാത്ത ആദ്യത്തെ ചാന്ദ്ര സഞ്ചാരി).
- ❖ ആർട്ടിമിസ് 1 - 2022 നവംബറിൽ വിക്ഷേപിച്ചു
- ❖ ആർട്ടിമിസ് 3 - 2027 ൽ വിക്ഷേപിക്കാൻ പദ്ധതിയിടുന്നു

## Sports

- ◆ 2028 ലെ ലോക ഇൻഡോർ അത്‌ലറ്റിക് വേദി

  **ഭുവനേശ്വർ, ഇന്ത്യ**

  - ❖ 2030 ലെ വേദി - **അസ്താന, കസാഖ്സ്താൻ**
  - ❖ ലോക അത്‌ലറ്റിക്സ് അധ്യക്ഷൻ സെബാസ്റ്റ്യൻ കോ പ്രഖ്യാപിച്ചു
- ◆ 2026 ഏപ്രിലിൽ പുറത്തുവിട്ട ഫിഫ പുരുഷ ടീം റാങ്കിങ്ങിൽ ഇന്ത്യയുടെ സ്ഥാനം

  **136**

  - ❖ ഒന്നാമത് - **ഫ്രാൻസ്**
  - ❖ രണ്ടാമത് - **സ്പെയിൻ**
  - ❖ മൂന്നാമത് - **അർജന്റീന**

## Today's MCQ

1. 2025 ലെ ലോക ആർച്ചറി അവാർഡ്സിൽ ഏറ്റവും മികച്ച പാരാ ആർച്ചറായി തിരഞ്ഞെടുക്കപ്പെട്ടത്

   (a) രാകേഷ് കുമാർ (b) ശീതൾ ദേവി

   (c) ഹർവീന്ദർ സിംഗ് (d) വിവേക് ചിക്ര

2. ആദ്യമായി ലേ സന്ദർശിക്കുന്ന സുപ്രീം കോടതി ചീഫ് ജസ്റ്റിസ്

   (a) ഡി.വൈ. ചന്ദ്രചൂഡ് (b) ബി.ആർ. ഗവായ്

   (c) സഞ്ജീവ് ഖന്ന (d) സൂര്യകാന്ത്

**Ans : 1. (b), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
04-05



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Appointment

- മുംബൈ മുനിസിപ്പൽ കോർപ്പറേഷന്റെ ആദ്യത്തെ വനിതാ കമ്മീഷണർ

  **അശ്വിനി ഭിഡെ**

  - 'മെട്രോ വുമൺ' എന്നറിയപ്പെടുന്നു
  - മുംബൈ മെട്രോ റെയിൽ കോർപ്പറേഷന്റെ (MMRC) മാനേജിംഗ് ഡയറക്ടർ എന്ന നിലയിൽ നടത്തിയ മികവുറ്റ പ്രവർത്തനങ്ങൾ കാരണമാണ് ഈ അപരനാമത്തിൽ അറിയപ്പെടുന്നത്

- വിമാന സർവീസ് കമ്പനി ഇൻഡിഗോയുടെ പുതിയ മേധാവി

  **വില്യം വാൽഷ്**

- 2026ൽ മ്യാൻമറിന്റെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്

  **Min Aung Hlaing**

## Books and Author

- "Tides of Time: Bharat's History through Murals in Parliament" എന്ന പുസ്തകം രചിച്ചത്

  **സുധാ മൂർത്തി**

  - ഉപരാഷ്ട്രപതിയാണ് ഈ പുസ്തകം പ്രകാശനം ചെയ്തത്
  - പാർലമെന്റിലെ ചുവർചിത്രങ്ങളിലൂടെ ഇന്ത്യയുടെ ചരിത്രം വിവരിക്കുന്ന പുസ്തകമാണിത്
  - പഴയ പാർലമെന്റ് മന്ദിരമായ 'സംവിധാൻ സദനി'ലെ ചുവർചിത്രങ്ങളെക്കുറിച്ചാണ് പുസ്തകം പ്രതിപാദിക്കുന്നത്.
  - ഈ ചിത്രങ്ങളിലൂടെ സിന്ധുനദീതട സംസ്കാരം മുതൽ ഇന്ത്യൻ സ്വാതന്ത്ര്യസമരം വരെയുള്ള ഇന്ത്യയുടെ സമ്പന്നമായ ചരിത്രവും സാംസ്കാരിക പൈതൃകവും പുസ്തകം വരച്ചുകാട്ടുന്നു.

## Kerala

- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ സർവീസിൽ നിന്ന് വിരമിച്ചു

  - തദ്ദേശ വാർഡുകളുടെ അതിർത്തി നിർണ്ണയം ഉൾപ്പെടെ നിരവധി സുപ്രധാന സംരംഭങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി

## National

- ഏറ്റവും ഉയർന്ന തുകയ്ക്ക് വിറ്റുപോയ ഇന്ത്യൻ പെയിന്റിംഗ്

  **യശോദയും കൃഷ്ണനും**

  - 167.2 കോടി രൂപയ്ക്കാണ് ചിത്രം ലേലത്തിൽ വിറ്റുപോയത്
  - 1890കളിൽ രാജാ രവിവർമ്മ വരച്ച ചിത്രമാണിത്.
  - എം.എഫ്. ഹുസൈൻ വരച്ച 'ഗ്രാമയാത്ര' (Gram Yatra) എന്ന ചിത്രത്തിനായിരുന്നു ഇതിനുമുമ്പ് ഏറ്റവും ഉയർന്ന തുക ലഭിച്ചത് (118 കോടി രൂപ).

◆ നികുതി സംബന്ധമായ പ്രക്രിയകൾ ലളിതവും ഉപയോക്തൃ സൗഹൃദവുമാക്കുക എന്ന ലക്ഷ്യത്തോടെ ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് പുറത്തിറക്കിയ വെബ്സൈറ്റ്

**കർ സാത്തി**

## International

◆ അമേരിക്കയിലും യൂറോപ്പിലും വ്യാപിച്ചു കൊണ്ടിരിക്കുന്നതിനാൽ അടുത്തിടെ ലോകാരോഗ്യ സംഘടന നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന കോവിഡ് 19 വകഭേദം

**സികാഡ (Cicada)**

◆ ഇന്ധന പ്രതിസന്ധി മൂലം ഇരുട്ടിലായ ക്യൂബയ്ക്ക് 2 മില്യൺ യൂറോ ധനസഹായമായി നൽകുന്ന സംഘടന

**യൂറോപ്യൻ യൂണിയൻ**

## Sports

◆ അടുത്തിടെ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച ദക്ഷിണാഫ്രിക്കൻ താരം

**Rassie van der Dussen**

**Today's MCQ**

1. On earth as it is beneath എന്ന നോവൽ രചിച്ചത്

   (a) മീന കന്ദസാമി (b) അന പൗല മായ

   (c) അരുന്ധതി റോയ് (d) ഹാൻ കാങ്

2. സാമ്രാട്ട് സംപ്രതി മ്യൂസിയം നിലവിൽ വന്നത്

   (a) കർണാടക (b) ബീഹാർ

   (c) ഗുജറാത്ത് (d) മധ്യപ്രദേശ്


**Ans : 1. (b), 2. (c)**

**TALENT**
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
06



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 06 APRIL 2026

## National

- കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം NCERT-യ്ക്ക് ഡീംഡ് യൂണിവേഴ്സിറ്റി പദവി ഔദ്യോഗികമായി നൽകി.
  - ഈ പദവി ലഭിച്ചതോടെ സ്വന്തമായി പുതിയ അക്കാദമിക് കോഴ്സുകൾ തുടങ്ങാനും, ബിരുദങ്ങൾ നൽകാനും, ഗവേഷണങ്ങൾക്കും ഡോക്ടറൽ പ്രോഗ്രാമുകൾക്കും തുടക്കം കുറിക്കാനും NCERTയ്ക്ക് അധികാരം ലഭിക്കുന്നു
  - NCERT - **National Council of Educational Research and Training**
  - സ്ഥാപിതമായത് **-1961 സെപ്റ്റംബർ 1**
- ബഹിരാകാശ യാത്രികരുടെ സുരക്ഷയും ശാരീരികമാനസിക ക്ഷമതയും വിലയിരുത്തുന്നതിനായി ഐ.എസ്.ആർ.ഒ ലഡാക്കിലെ ലേയിൽ വെച്ച് നടത്തുന്ന ഇന്ത്യയുടെ ആദ്യത്തെ അനലോഗ് മിഷൻ

**മിഷൻ മിത്ര**

  - MITRA - **Mapping of Interoperable Traits and Response Assessment**
  - സമുദ്രനിരപ്പിൽ നിന്നും ഏകദേശം 3,500 മീറ്റർ ഉയരത്തിലാണ് ലേ സ്ഥിതി ചെയ്യുന്നത്. കുറഞ്ഞ ഓക്സിജൻ, കൊടും തണുപ്പ്, ഒറ്റപ്പെട്ട പ്രദേശം തുടങ്ങിയ അതികഠിനമായ സാഹചര്യങ്ങൾ ബഹിരാകാശത്തിന് സമാനമായ ഒരു പ്രകൃതിദത്ത അന്തരീക്ഷം സൃഷ്ടിക്കുന്നു.

## International

- അമേരിക്കയും ഇറാനും തമ്മിലുള്ള യുദ്ധ പശ്ചാത്തലത്തിൽ, പുറത്താക്കിയ അമേരിക്കൻ ആർമി ചീഫ് ഓഫ് സ്റ്റാഫ്

**ജനറൽ റാൻഡി ജോർജ്**

  - അറ്റോർണി ജനറൽ പാം ബോണ്ടിയെയും പിരിച്ചുവിട്ടു.
- ഉപയോക്താക്കളെ അവരുടെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ നിലനിർത്തുന്നതിനായി ഉന്നതരായ AI ഗവേഷകരുടെ സംഘത്തെ രൂപീകരിച്ച സാമൂഹ്യമാധ്യമം

**മെറ്റ**

  - പുതിയ യൂണിറ്റിന്റെ പേര് എം.ആർ.എസ്. റിസർച്ച് എന്നാണ്. ഇൻസ്റ്റാഗ്രാമിലും ഫേസ്ബുക്കിലും ഫീഡിൽ എന്താണ് കാണുന്നതെന്ന് നിർണ്ണയിക്കുന്ന ശുപാർശ സംവിധാനത്തിൽ ഇത് പ്രവർത്തിക്കും.

## Space

- ഭൂമിയിൽ നിന്നും ഏറ്റവും കൂടുതൽ ദൂരം ബഹിരാകാശത്തേക്ക് സഞ്ചരിക്കുന്ന വനിത എന്ന നേട്ടം സ്വന്തമാക്കിയത്

**ക്രിസ്റ്റീന കോച്ച്**

- ❖ നാസയുടെ ആർട്ടിമിസ് II ദൗത്യത്തിന്റെ ഭാഗമായിട്ടാണ്
- ❖ ലോ എർത്ത് ഓർബിറ്റ് (LEO) ഭേദിച്ച ആദ്യ വനിത. ഭൂമിയുടെ കുറഞ്ഞ ഭ്രമണപഥം (Low Earth orbit) മറികടന്ന് ബഹിരാകാശത്തേക്ക് പോകുന്ന ആദ്യത്തെ വനിത കൂടിയാണ് ക്രിസ്റ്റീന കോച്ച്.
- ❖ നാസയുടെ 'ഓറിയോൺ' ബഹിരാകാശ പേടകത്തിലാണ് ഈ ചരിത്രപരമായ ചാന്ദ്രയാത്ര നടത്തിയത്
- ❖ 1972 ലെ അപ്പോളോ ദൗത്യത്തിന് ശേഷം മനുഷ്യനെ ചന്ദ്രനിൽ എത്തിക്കുന്ന നാസയുടെ സുപ്രധാന പദ്ധതിയാണ് ആർട്ടിമിസ് II ( യാത്രികർ ചന്ദ്രനിൽ ഇറങ്ങുന്നില്ല. ചന്ദ്രനെ ചുറ്റി മടങ്ങിവരുന്നു).
- ❖ ഈ ദൗത്യത്തിലെ നാലംഗ സംഘത്തിലെ ഏക വനിതയാണ് ക്രിസ്റ്റീന കോച്ച്.
- ❖ ഒരു യാത്രയിൽ ഒരു വനിത നടത്തിയ ഏറ്റവും ദൈർഘ്യമേറിയ ബഹിരാകാശ യാത്ര (Longest single space flight by a woman) എന്ന റെക്കോർഡും മുമ്പ് ക്രിസ്റ്റീന കോച്ച് സ്വന്തമാക്കിയിട്ടുണ്ട് (തുടർച്ചയായി 328 ദിവസങ്ങൾ).

- 2026 മാർച്ചിലെ കണക്കുകൾ പ്രകാരം സൗരയൂഥത്തിലെ ആകെ ഉപഗ്രഹങ്ങളുടെ എണ്ണം

**442**

- ❖ അടുത്തിടെ വ്യാഴത്തിനും ശനിക്കും പുതിയ ഉപഗ്രഹങ്ങളെ ശാസ്ത്രജ്ഞർ കണ്ടെത്തി
- ❖ വ്യാഴത്തിന് 4 പുതിയ ഉപഗ്രഹങ്ങളെയും, ശനിക്ക് 11 പുതിയ ഉപഗ്രഹങ്ങളെയും ശാസ്ത്രജ്ഞർ കണ്ടെത്തി.
- ❖ ഉപഗ്രഹങ്ങളുടെ എണ്ണത്തിൽ ശനിക്ക് 285 ഉപഗ്രഹങ്ങൾ ഉണ്ട് (ഒന്നാം സ്ഥാനത്ത് തുടരുന്നു). വ്യാഴത്തിന് 101 ഉപഗ്രഹങ്ങൾ ഉണ്ട് (രണ്ടാം സ്ഥാനത്ത്).

## Defence

- 2026 ഏപ്രിലിൽ ഇന്ത്യൻ നാവികസേനാ കമ്മീഷൻ ചെയ്ത അന്തർവാഹിനി

**INS അരിദാമൻ**

- ❖ INS താരഗിരിയും 2026 ഏപ്രിലിൽ കമ്മീഷൻ ചെയ്തു
- ❖ വിശാഖപട്ടണത്താണ് ഇവ കമ്മീഷൻ ചെയ്തത്

## Demise

- 2026 ഏപ്രിലിൽ അന്തരിച്ച പ്രശസ്ത നോവലിസ്റ്റും ശാസ്ത്രസാഹിത്യകാരനുമായ വ്യക്തി

**ടി. ആർ. ശങ്കുണ്ണി**

- ❖ 1983 മുതൽ അഞ്ചു വർഷക്കാലം കേന്ദ്ര സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ അംഗമായിരുന്നു.
- ❖ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ആദ്യകാല പ്രവർത്തകനും യുറീക്ക മാസികയുടെ സ്ഥാപക പത്രാധിപരുമായിരുന്നു.

**Today's MCQ**

1. മുംബൈ മുനിസിപ്പൽ കോർപ്പറേഷന്റെ ആദ്യത്തെ വനിതാ കമ്മീഷണർ

   (a) അശ്വിനി ഭിഡെ (b) ജയ വർമ്മ സിൻഹ

   (c) ആരതി ഭിഡെ (d) രേഖ ഗുപ്ത

2. "Tides of Time: Bharat's History through Murals in Parliament" എന്ന പുസ്തകം രചിച്ചത്

   (a) സൽമാൻ റുഷ്ദി (b) വെങ്കയ്യ നായിഡു

   (c) മീന കന്ദസാമി (d) സുധാ മൂർത്തി

**Ans : 1. (a), 2. (d)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

STUDY NOTES

APRIL 2K26
07-08



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 07, 08 APRIL 2026

## Important days

- **ഏപ്രിൽ 7 - ലോകാരോഗ്യ ദിനം**
  - 1948 ൽ WHO സ്ഥാപിതമായതിന്റെ വാർഷികത്തോടനുബന്ധിച്ച് എല്ലാ വർഷവും ഏപ്രിൽ 7 ന് ലോകാരോഗ്യ ദിനം ആഘോഷിക്കുന്നു
  - പ്രമേയം - **Together for health. Stand with science**

## Kerala

- ചണ്ഡാലഭിക്ഷുകിയെ ആസ്പദമാക്കി അടുത്തിടെ കേരള കലാമണ്ഡലത്തിൽ അരങ്ങേറിയ പുതിയ കഥകളി

  **മാതംഗീചരിതം**
  - കുമാരനാശാന്റെ 'ചണ്ഡാലഭിക്ഷുകി' എന്ന കാവ്യത്തെ അടിസ്ഥാനമാക്കി രചിച്ച 'മാതംഗീചരിതം' ആട്ടക്കഥയാണ് കഥകളിയായി അരങ്ങേറിയത്.
  - ദാഹജലം ചോദിച്ച ബുദ്ധഭിക്ഷുവിനോട് (ആനന്ദൻ) തന്റെ ജാതിയെക്കുറിച്ച് പറയുന്ന ചണ്ഡാലസ്ത്രീയായ മാതംഗിയും, ''ജാതി ചോദിക്കുന്നില്ല ഞാൻ സോദരി, ചോദിക്കുന്നു നീർ നാവുവരണ്ടഹോ!'' എന്ന് പ്രസിദ്ധമായ മറുപടി നൽകുന്ന ആനന്ദനുമാണ് പ്രധാന കഥാപാത്രങ്ങൾ.

## National

- രാഘവ് ഛദ്ദ പ്രതിനിധീകരിക്കുന്ന പാർട്ടി

  **ആം ആദ്മി പാർട്ടി (AAP)**
  - രാജ്യസഭയിലെ AAP പാർട്ടിയുടെ ഡെപ്യൂട്ടി ലീഡർ സ്ഥാനത്തുനിന്നും അടുത്തിടെ നീക്കം ചെയ്തതിനെ തുടർന്ന് വാർത്തകളിൽ ഇടം നേടിയ രാജ്യസഭ എംപിയാണ് ഇദ്ദേഹം

## International

- നഗോയ പ്രോട്ടോക്കോൾ പ്രകാരം ലോകത്തിൽ ഏറ്റവും കൂടുതൽ IRCC സർട്ടിഫിക്കറ്റുകൾ നൽകിയ രാജ്യം

  **ഇന്ത്യ**
  - ലോകത്താകമാനം ഇതുവരെ നൽകിയിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ 56.63% ഇന്ത്യയുടെ വകയാണ്.
  - ജനിതക വിഭവങ്ങളും അതുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളും ഉപയോഗിക്കുമ്പോൾ, അതിൽ നിന്നും ലഭിക്കുന്ന നേട്ടങ്ങൾ നീതിപൂർവ്വകമായും തുല്യമായും പങ്കുവെക്കപ്പെടുന്നു എന്ന് ഉറപ്പാക്കുന്ന ഒരു ആഗോള കരാറാണ് നഗോയ പ്രോട്ടോക്കോൾ
  - IRCC - Internationally Recognized Certificates of Compliance
  - ഒരു രാജ്യം അവരുടെ ജനിതക വിഭവങ്ങളോ പാരമ്പര്യ അറിവുകളോ മറ്റുള്ളവർക്ക് ഉപയോഗിക്കാൻ അനുമതി നൽകുമ്പോൾ നൽകുന്ന ഔദ്യോഗിക സർട്ടിഫിക്കറ്റാണ് IRCC
  - നഗോയ പ്രോട്ടോക്കോൾ ഒപ്പുവെച്ച വർഷം - **2010 ഒക്ടോബർ 29** (ജപ്പാനിലെ നഗോയ എന്ന നഗരത്തിൽ വെച്ച്)
  - നഗോയ പ്രോട്ടോക്കോൾ പ്രാബല്യത്തിൽ വന്നത് - **2014 ഒക്ടോബർ 12**

- ഗോലെസ്ഥാൻ കൊട്ടാരം സ്ഥിതി ചെയ്യുന്നത്

  **ടെഹ്റാൻ (ഇറാൻ)**

  - ഇറാൻ - ഇസ്രേയേൽ യുദ്ധസമയത്ത് ഈ കൊട്ടാരം തകർന്നിരുന്നു. ഇത് 1954-ലെ ഹേഗ് കൺവെൻഷന്റെ ലംഘനമായാണ് കണക്കാക്കുന്നത്.
  - ഖജാർ രാജവംശത്തിന്റെ ഭരണകാലത്ത് നിർമ്മിക്കപ്പെട്ട കൊട്ടാരമാണിത്
  - 2013 ലാണ് ഇതിനെ യുനെസ്കോ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയത്.
  - സായുധ സംഘട്ടനങ്ങളിൽ സാംസ്കാരിക സ്വത്തുക്കൾ സംരക്ഷിക്കുന്നതിനുള്ള അന്താരാഷ്ട്ര ഉടമ്പടിയാണ് 1954 ലെ ഹേഗ് കൺവെൻഷൻ യുദ്ധസമയത്ത് ചരിത്രസ്മാരകങ്ങൾ ആക്രമിക്കപ്പെടുന്നത് ഈ നിയമത്തിന്റെ ലംഘനമായാണ് കണക്കാക്കുന്നത്.

- IRENAയുടെ റിന്യൂവബിൾ കപ്പാസിറ്റി സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് പ്രകാരം, 2025ൽ ആഗോള Renewable Energy വിപണിയിൽ ഒന്നാമതുള്ളത്

  **ചൈന**

  - രണ്ടാമത് - **അമേരിക്ക**
  - മൂന്നാമത് - **ഇന്ത്യ**
  - IRENA (International Renewable Energy Agency)യുടെ ആസ്ഥാനം - **അബുദാബി, യു.എ.ഇ**

- മഗാവ' എലിയുടെ സേവനങ്ങൾക്കുള്ള ആദരസൂചകമായി കമ്പോഡിയയിൽ സ്മാരക പ്രതിമ സ്ഥാപിച്ചു.

  - കുഴിബോംബുകൾ കണ്ടെത്തുന്നതിൽ അസാമാന്യ പ്രകടനം കാഴ്ചവെച്ച എലിയ്ക്കായി ലോകത്ത് ആദ്യമായാണ് ഇത്തരമൊരു സ്മാരക പ്രതിമ നിർമിക്കുന്നത്
  - പതിറ്റാണ്ടുകൾ നീണ്ട ആഭ്യന്തര യുദ്ധങ്ങളുടെയും സംഘർഷങ്ങളുടെയും ബാക്കിപത്ര മായി കംബോഡിയൻ മണ്ണിൽ അവശേഷിച്ച കുഴിബോംബുകൾ കണ്ടെത്തുക എന്ന ദൗത്യ ത്തിനായി 2016ൽ ബെൽജിയൻ സന്നദ്ധ സംഘടനയായ അപ്പോപോയുടെ പരിശീലനം പൂർത്തിയാക്കിയാണ് മഗാവ എത്തിയത്
  - 2020ൽ മൃഗങ്ങളുടെ ജോർജ് ക്രോസ് എന്നറിയപ്പെടുന്ന 'പി.ഡി.എസ്.എ ഗോൾഡ് മെഡൽ' മഗാവയ്ക്ക് ലഭിച്ചു. ഈ ബഹുമതി നേടുന്ന ചരിത്രത്തിലെ ആദ്യത്തെ എലിയാണ് മഗാവ.

## Space

- 'ഹാലോ വേൾഡ്' എന്ന് പേരിട്ടിരിക്കുന്ന ഭൂമിയുടെ ചിത്രം പകർത്തിയത്

  **Reid Wiseman**

  - ആർട്ടിമിസ് ദൗത്യത്തിന്റെ ഭാഗമായുള്ള 'ട്രാൻസ്ലൂണാർ ഇൻജക്ഷൻ' (ഭൂമിയുടെ ഭ്രമണപഥത്തിൽ നിന്നും പേടകത്തെ ചന്ദ്രനിലേക്ക് തിരിച്ചുവിടുന്ന പ്രക്രിയ) പൂർത്തിയാക്കിയതിന് ശേഷമാണ് ഈ ചിത്രം പകർത്തിയത്.
  - 1972 ൽ അപ്പോളോ 17 ദൗത്യത്തിലെ യാത്രികർ പകർത്തിയ പ്രശസ്തമായ 'ബ്ലൂ മാർബിൾ' എന്ന ചിത്രത്തിനൊപ്പമാണ് നാസ പുതിയ ചിത്രം സാമൂഹിക മാധ്യമങ്ങളിൽ പങ്കുവെച്ചത്.

## Science & Technology

- മനുഷ്യശരീരത്തിൽ സ്വാഭാവികമായുള്ള 'ആൽഫാ-കീറ്റോഗ്ലൂട്ടറേറ്റ്' / കാൽസ്യം എ.കെ.ജി. എന്ന രാസസംയുക്തം അൽഷിമേഴ്സ് രോഗത്തെ പ്രതിരോധിക്കാൻ സഹായിക്കുമെന്ന് കണ്ടെത്തി.
  - സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് മെഡിസിനിലെ മലയാളി ശാസ്ത്രജ്ഞ ഡോ. ഷീജ നവക്കോട് ഉൾപ്പെടെയുള്ള സംഘമാണ് അടുത്തിടെ കണ്ടെത്തിയത്

## Sports

- പ്രഥമ ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസിൽ ഓവറോൾ നേടിയത്

  **കർണാടക**

  - രണ്ടാമത് - **ഒഡീഷ**
  - മൂന്നാമത് - **ജാർഖണ്ഡ്**
  - കേരളം 23-ാം സ്ഥാനത്താണ്
  - വേദി - **ഛത്തീസ്ഗഢ്**
  - ഭാഗ്യചിഹ്നം - **മോർവീർ**
  - അമ്പെയ്ത്ത്, അത്‌ലറ്റിക്സ്, ഫുട്ബോൾ, ഹോക്കി, നീന്തൽ, ഭാരോദ്വഹനം, ഗുസ്തി എന്നീ 7 പ്രധാന ഇനങ്ങളിലാണ് മത്സരങ്ങൾ നടന്നത്.
  - ഇന്ത്യൻ തദ്ദേശീയ കായിക ഇനങ്ങളായ മല്ലഖാമ്പ്, കബഡി എന്നിവ പ്രദർശന മത്സരങ്ങളായും ഉൾപ്പെടുത്തിയിരുന്നു.
  - നിലവിലെ കേന്ദ്ര കായിക യുവജനകാര്യ വകുപ്പ് മന്ത്രി - **മൻസുഖ് മാണ്ഡവ്യ**
- IPL-ൽ 200 വിക്കറ്റ് നേടിയ രണ്ടാമത്തെ താരം

  **ഭുവനേശ്വർ കുമാർ** (ആദ്യം - **യുസ്‌വേന്ദ്ര ചഹൽ**)

  - എന്നാൽ IPL-ൽ 200 വിക്കറ്റ് നേടിയ ആദ്യ പേസ് ബൗളർ ഭുവനേശ്വർ കുമാർ ആണ്
- 2026 ഏപ്രിൽ മാസത്തിലെ കണക്കുകൾ പ്രകാരം, അത്‌ലറ്റിക്സിൽ ഉത്തേജകമരുന്ന് (Doping) ഉപയോഗം മൂലം വിലക്ക് നേരിടുന്ന അത്‌ലറ്റുകളുടെ എണ്ണത്തിൽ ലോകത്ത് ഒന്നാമതുള്ള രാജ്യം

  **ഇന്ത്യ**

  - രണ്ടാമത് - **കെനിയ**
  - മൂന്നാമത് - **റഷ്യ**

## Today's MCQ

1. ബഹിരാകാശ യാത്രികരുടെ സുരക്ഷയും ശാരീരികമാനസിക ക്ഷമതയും വിലയിരുത്തുന്നതിനായി ഐ.എസ്.ആർ.ഒ ലഡാക്കിലെ ലേയിൽ വെച്ച് നടത്തുന്ന ഇന്ത്യയുടെ ആദ്യത്തെ അനലോഗ് മിഷൻ

   (a) മിഷൻ ശക്തി (b) മിഷൻ ആകാശ്

   (c) മിഷൻ ധർമ്മ (d) മിഷൻ മിത്ര

2. അമേരിക്കയും ഇറാനും തമ്മിലുള്ള യുദ്ധ പശ്ചാത്തലത്തിൽ, പുറത്താക്കിയ അമേരിക്കൻ ആർമി ചീഫ് ഓഫ് സ്റ്റാഫ്

   (a) ജനറൽ വില്ല്യം ഗ്രീൻ (b) ജനറൽ പാം ബോണ്ടി

   (c) ജനറൽ റാൻഡി ജോർജ് (d) ക്രിസ്റ്റി നോം

**Ans : 1. (d), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
09



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW
veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 09 APRIL 2026

## Appointment

- 2026 ഏപ്രിലിൽ വിയറ്റ്നാമിന്റെ പുതിയ പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ടത്

  **ടോ ലാം**

  - 2026-2031 കാലയളവിലേക്കാണ് നിയമനം

## National

- അടുത്തിടെ എയർ ഇന്ത്യ സി.ഇ.ഒ. സ്ഥാനം രാജിവെച്ച വ്യക്തി

  **കാംപ്ബെൽ വിൽസൺ**

  - കാലാവധി ഒരുവർഷം കൂടി ബാക്കിനിൽക്കെയാണ് രാജി

- ആന്ധ്രാപ്രദേശിന്റെ തലസ്ഥാനം

  **അമരാവതി**

  - 2026 ലെ ആന്ധ്രാപ്രദേശ് പുന:സംഘടന (ഭേദഗതി) നിയമത്തിന് ദ്രൗപതി മുർമു 2026 ഏപ്രിൽ 6 ന് അംഗീകാരം നൽകി
  - 2026 ഏപ്രിൽ 1 ന് ലോക്സഭ പാസ്സാക്കി
  - 2026 ഏപ്രിൽ 2 ന് രാജ്യസഭ പാസ്സാക്കി
  - ഹൈദരാബാദ് 10 വർഷത്തേക്ക് തെലങ്കാനയുടെയും ആന്ധ്രാപ്രദേശിന്റെയും പൊതു തലസ്ഥാനമായിരിക്കുമെന്നും അതിനുശേഷം ഹൈദരാബാദ് തെലങ്കാനയുടെ തലസ്ഥാന മാകുമെന്നും ആന്ധ്രാപ്രദേശിന് പുതിയ തലസ്ഥാനം ഉണ്ടാകുമെന്നും നിയമം വ്യവസ്ഥ ചെയ്യുന്നു. അമരാവതി ആന്ധ്രാപ്രദേശിന്റെ പുതിയ തലസ്ഥാനമായിരിക്കുമെന്ന് ബിൽ പറയുന്നു.

- മ്യാൻമർ പ്രസിഡന്റിന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നത്

  **കീർത്തി വർധൻ സിംഗ്** (വിദേശകാര്യ സഹമന്ത്രി)

  - മ്യാൻമർ പ്രസിഡന്റ് : **Min Aung Hlaing**

## International

- 2026 ഏപ്രിലിൽ ബംഗ്ലാദേശ് ക്രിക്കറ്റ് ബോർഡ് അധ്യക്ഷ സ്ഥാനത്തുനിന്ന് നീക്കംചെയ്യപ്പെട്ടത്

  **മുഹമ്മദ് അമിനുൾ ഇസ്ലാം** (ബുൾബുൾ)

  - ഇതിനെ തുടർന്ന് 11 അംഗ അഡ്ഹോക്ക് കമ്മിറ്റി രൂപീകരിച്ചു.
  - മുൻ താരം തമീം ഇഖ്ബാൽ കമ്മിറ്റിയുടെ അധ്യക്ഷനാകും

## Science and Technology

- അടുത്തിടെ കരിമ്പുഴ വന്യജീവിസങ്കേതത്തിലെ പുൽമേടുകളിൽ നിന്ന് കണ്ടെത്തിയ പുതിയ സസ്യ ഇനം

**പിമ്പിനെല്ല പിശ്മിയ**

- ബൊട്ടാണിക്കൽ സർവേ ഓഫ് ഇന്ത്യയിലെ ഗവേഷക വിദ്യാർഥിസംഘമാണ് കണ്ടെത്തിയത്
- സമുദ്രനിരപ്പിൽനിന്ന് 2000 മീറ്ററിലധികം ഉയർന്ന പ്രദേശങ്ങളിലെ പുൽമേടുകളിലാണ് ഇതിനെ കണ്ടെത്തിയത്.
- ക്യാരറ്റ്, കൊത്തമല്ലി, പെരുംജീരകം തുടങ്ങിയവയുടെ കുടുംബത്തിൽപ്പെട്ട സസ്യം രുചിക്കൂട്ടുകളിലും ഔഷധക്കൂട്ടുകളിലും സ്ഥാനം പിടിക്കുമെന്നാണ് ശാസ്ത്രസംഘത്തിന്റെ പ്രതീക്ഷ. അതിനുള്ള ഗവേഷണം തുടങ്ങി.

## Defence

- അടുത്തിടെ മാലി സന്ദർശിച്ച ഇന്ത്യൻ നാവികസേനയുടെ കപ്പൽ

**INS സുനൈന**

## Space

- മനുഷ്യർ ഏറ്റവും കൂടുതൽ ദൂരം സഞ്ചരിച്ച ബഹിരാകാശ ദൗത്യം

**ആർട്ടിമിസ് II**

- അപ്പോളോ 13 ന്റെ റെക്കോർഡ് തകർത്തു

## Sports

- റഗ്ബി പ്രീമിയർ ലീഗിന്റെ രണ്ടാം പതിപ്പ് (2026 ) വേദി

**ഹൈദരാബാദ്**

## Today's MCQ

1. ചണ്ഡാലഭിക്ഷുകിയെ ആസ്പദമാക്കി അടുത്തിടെ കേരള കലാമണ്ഡലത്തിൽ അരങ്ങേറിയ പുതിയ കഥകളി

   (a) ആനന്ദചരിതം (b) ചണ്ഡാല ചരിതം
   
   (c) മാതംഗീചരിതം (d) ബുദ്ധചരിതം

2. IRENAയുടെ റിന്യൂവബിൾ കപ്പാസിറ്റി സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് പ്രകാരം, 2025ൽ ആഗോള Renewable Energy വിപണിയിൽ ഒന്നാമതുള്ളത്

   (a) ചൈന (b) ഇന്ത്യ
   
   (c) അമേരിക്ക (d) റഷ്യ

**Ans : 1. (c), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
10-11



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 10, 11 APRIL 2026

## Appointment

- ദേശീയ ചലച്ചിത്ര വികസന കോർപ്പറേഷന്റെ പാർട്ട് ടൈം ചെയർമാനായി അടുത്തിടെ നിയമിതനായത്

  **ജി. കൃഷ്ണകുമാർ**

  - കേന്ദ്ര വാർത്താവിതരണ മന്ത്രാലയത്തിന്റെ കീഴിലുള്ള സ്ഥാപനമാണിത്
  - ചെയർമാൻ സ്ഥാനത്തിന് പുറമെ നോൺഒഫീഷ്യൽ ഡയറക്ടർ പദവിയും അദ്ദേഹം വഹിക്കും.
  - മൂന്ന് വർഷത്തേക്കാണ് ഈ നിയമനം നൽകിയിരിക്കുന്നത്
  - നാഷണൽ ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ (NFDC) സ്ഥാപിതമായ വർഷം - **1975**
  - ആസ്ഥാനം - **മുംബൈ** (മഹാരാഷ്ട്ര)

## National

- ഇന്ത്യയിലെ ആദ്യത്തെ ഡ്രൈവറില്ലാത്ത പോഡ് ടാക്സി സംവിധാനത്തിന് തറക്കല്ലിട്ട നഗരം

  **മുംബൈ** (ബാന്ദ്ര-കുർള കോംപ്ലക്സ്)

- മുംബൈയിലെ കുർളയെയും ബാന്ദ്ര (ഈസ്റ്റ്) യെയും ബന്ധിപ്പിക്കുന്നതാണ് ഈ സംവിധാനം
- നിർമ്മിത ബുദ്ധി (AI) അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന, ബാറ്ററിയിൽ ഓടുന്ന ഡ്രൈവറില്ലാത്ത പോഡുകൾ ആണിത്.

- ഇന്ത്യയിൽ തദ്ദേശീയമായി നിർമ്മിച്ച ആദ്യത്തെ പ്രോട്ടോടൈപ്പ് ഫാസ്റ്റ് ബ്രീഡർ റിയാക്ടർ (PFBR)

  **കൽപ്പാക്കം, തമിഴ്നാട്**

- കൽപാക്കം ആണവ റിയാക്ടർ ക്രിട്ടിക്കാലിറ്റി കൈവരിച്ചു
- ഉൽപ്പാദന ശേഷി - **500 മെഗാവാട്ട്**
- റഷ്യയ്ക്ക് ശേഷം, വാണിജ്യാടിസ്ഥാനത്തിൽ ഫാസ്റ്റ് ബ്രീഡർ റിയാക്ടർ സാങ്കേതികവിദ്യ സ്വന്തമാക്കുന്ന രണ്ടാമത്തെ രാജ്യം - **ഇന്ത്യ**
- ഉപയോഗിക്കുന്നതിനേക്കാൾ കൂടുതൽ ഇന്ധനം ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള ആണവ റിയാക്ടറുകൾ - **ഫാസ്റ്റ് ബ്രീഡർ റിയാക്ടറുകൾ**

- മൗണ്ട് എവറസ്റ്റ് ബേസ് ക്യാമ്പിൽ സൈക്കിളിൽ എത്തുന്ന ആദ്യത്തെ ഇന്ത്യൻ വനിത

  **ദിവ്യ സിംഗ്**

  - മൗണ്ട് എവറസ്റ്റ് കീഴടക്കിയ ആദ്യത്തെ ഇന്ത്യൻ വനിത - **ബചേന്ദ്രി പാൽ**
  - ആദ്യമായി രണ്ടുതവണ മൗണ്ട് എവറസ്റ്റ് കീഴടക്കിയ വനിത - **സന്തോഷ് യാദവ്**
  - മൗണ്ട് എവറസ്റ്റ് കീഴടക്കിയ ലോകത്തിലെ ആദ്യത്തെ ഭിന്നശേഷിക്കാരിയായ വനിത

    - **അരുണിമ സിൻഹ**

## International

- പശ്ചിമേഷ്യൻ സംഘർഷങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ ഇറാനും അമേരിക്കയും തമ്മിൽ നടക്കുന്ന നിർണായക സമാധാന ചർച്ചകൾക്ക് വേദിയാകുന്ന നഗരം

  **ഇസ്‌ലാമാബാദ്**

  - പാകിസ്താന്റെ തലസ്ഥാനമായ ഇസ്‌ലാമാബാദിൽ വെച്ചാണ് അമേരിക്കൻ പ്രതിനിധി സംഘവും ഇറാനും തമ്മിലുള്ള സമാധാന ചർച്ചകൾ നടക്കുന്നത്.

- ലോകത്തിലെ ആദ്യത്തെ '10 ഗിഗാ' രാജ്യമായി മാറിയത്

  **യു.എ.ഇ**

  - ലോകത്തിലെ ആദ്യത്തെ കൊമേഴ്സ്യൽ അപ്പർ 6GHz (U6GHz) ഇന്റർനെറ്റ് നെറ്റ്‌വർക്ക് യു.എ.ഇ. യിൽ ആരംഭിച്ചു
  - 6425 മുതൽ 7125 MHz വരെയുള്ള ഫ്രീക്വൻസി റേഞ്ചിലാണ് U6GHz പ്രവർത്തിക്കുന്നത്.
  - മികച്ച നെറ്റ്‌വർക്ക് കവറേജും, ഒപ്പം അതിവേഗ ഡാറ്റാ കൈമാറ്റവും ഒരുപോലെ സാധ്യമാക്കുന്നതിനാൽ ഇതിനെ 'ഗോൾഡൻ സ്പെക്ട്രം' (Golden Spectrum) എന്ന് വിളിക്കുന്നു.
  - ഈ നെറ്റ്‌വർക്ക് വഴി ഡൗൺലോഡ് ചെയ്യാൻ പരമാവധി 10 Gbps വേഗതയും, അപ്‌ലോഡ് ചെയ്യാൻ 1 Gbps വേഗതയും ലഭിക്കും.

- അടുത്തിടെ മ്യൂസ് സ്പാർക്ക് എന്ന പുതിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) മോഡൽ പുറത്തിറക്കിയത്

  **മെറ്റ**

## Sports

- അന്താരാഷ്ട്ര വനിതാ T-20 ക്രിക്കറ്റിലെ ഏറ്റവും മികച്ച ബൗളിംഗ് പ്രകടനം നടത്തിയത്

  **Laura Cardoso** (ബ്രസീലിയൻ താരം)

  - 3 ഓവറിൽ 4 റൺസ് വഴങ്ങി 9 വിക്കറ്റെടുത്തു
  - ലെസോത്തോ വനിതാ ടീമിനെതിരെയാണ് നേട്ടം

## Demise

- 2026 ഏപ്രിലിൽ അന്തരിച്ച പ്രശസ്ത പർവതാരോഹകൻ

  **ജിം വിറ്റേക്കർ**

  - എവറസ്റ്റ് കീഴടക്കിയ ആദ്യ അമേരിക്കക്കാരൻ
  - 1963 മെയ് 1ന് എവറസ്റ്റിന്റെ മുകളിൽ എത്തി

- 2026 ഏപ്രിലിൽ അന്തരിച്ച മുൻ കേന്ദ്രമന്ത്രി

  **അബു ഹസീം ഖാൻ ചൗധരി**

  - മൻമോഹൻ സിങ് സർക്കാരിൽ ആരോഗ്യകുടുംബക്ഷേമ സഹമന്ത്രിയായിരുന്നു

- 2026 ഏപ്രിലിൽ അന്തരിച്ച മുൻ കേന്ദ്രമന്ത്രി

**മൊഹ്സീന കിദ്വായ്**

- ആത്മകഥ **- മൈ ലൈഫ് ഇൻ ഇന്ത്യൻ പൊളിറ്റിക്സ്**
- തൊഴിൽവകുപ്പ്, ആരോഗ്യംകുടുംബക്ഷേമം, ഗ്രാമവികസനം, ഗതാഗതം, നഗരവികസനം തുടങ്ങിയ വകുപ്പുകൾ കൈകാര്യം ചെയ്തിട്ടുണ്ട്.

**Today's MCQ**

1. 2026 ഏപ്രിലിൽ ഏത് രാജ്യത്തിന്റെ പുതിയ പ്രസിഡന്റ് ആയിട്ടാണ് ടോ ലാം തിരഞ്ഞെടുക്കപ്പെട്ടത്

   (a) വിയറ്റ്നാം (b) തായ്‌ലന്റ്

   (c) ചൈന (d) ക്യൂബ

2. ആന്ധ്രാപ്രദേശിന്റെ തലസ്ഥാനം

   (a) ഹൈദരാബാദ് (b) വിശാഖപട്ടണം

   (c) അമരാവതി (d) വിജയവാഡ

**Ans : 1. (a), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
12



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 12 APRIL 2026

## Appointment

- 2026 ഏപ്രിലിൽ ഇന്ത്യൻ ജൂനിയർ വനിതാ ഹോക്കി ടീം പരിശീലകനായി നിയമിതനായത്

  **ടിം വൈറ്റ്** (ഓസ്ട്രേലിയ)

- 2026 ഏപ്രിലിൽ ബി.പി.സി.എൽ. ചെയർമാനും മാനേജിംഗ് ഡയറക്ടറുമായി നിയമിതനായത്

  **സഞ്ജയ് ഖന്ന**

  - BPCL - **Bharat Petroleum Corporation Ltd**

## National

- ഒരു ട്രില്യൺ രൂപയുടെ വിറ്റുവരവ് പിന്നിട്ട ഇന്ത്യയിലെ ആദ്യത്തെ ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് (എഫ്.എം.സി.ജി.) കമ്പനി

  **അമുൽ**

  - 2026 സാമ്പത്തിക വർഷത്തിൽ ഏകദേശം 11 ശതമാനം വളർച്ച കൈവരിച്ചുകൊണ്ട്, ഒരു ട്രില്യൺ രൂപയുടെ വിറ്റുവരവ് പിന്നിട്ടു.
  - അമുൽ സ്ഥാപിതമായത് - **1946**

- അടുത്തിടെ അലഹബാദ് ഹൈക്കോടതി ജഡ്ജി സ്ഥാനം രാജിവെച്ച വ്യക്തി

  **യശ്വന്ത് വർമ്മ**

  - ഡൽഹി ഹൈക്കോടതി ജഡ്ജിയായിരുന്ന ജസ്റ്റിസ് യശ്വന്ത് വർമ്മ രാജിവെച്ചു.
  - ഔദ്യോഗിക വസതിയിൽ നിന്ന് പണം കണ്ടെത്തിയ കേസിൽ ഉൾപ്പെട്ടതിനെത്തുടർന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസിന്റെ നേതൃത്വത്തിലുള്ള സുപ്രീം കോടതി കൊളീജിയം അദ്ദേഹത്തോട് രാജിവെക്കാൻ നിർദ്ദേശിച്ചിരുന്നു.
  - സ്വമേധയാ രാജി സമർപ്പിക്കാൻ തയ്യാറാകാത്ത യശ്വന്ത് വർമ്മയെ അലഹബാദ് ഹൈക്കോടതിയിലേക്ക് സ്ഥലം മാറ്റിയിരുന്നു. പിന്നീട് പാർലമെന്റിൽ ഇംപീച്ച്മെൻറ് നടപടികൾ നടക്കുന്നതിനിടെയാണ് രാജി.

- ഇന്ത്യയിലെ ആദ്യത്തെ കൽക്കരി ടു അമോണിയം നൈട്രേറ്റ് പ്രോജക്ട് ആരംഭിച്ചത്

  **ജാർസുഗുഡ** (ഒഡീഷ)

  - ഒഡീഷയിലെ ജാർസുഗുഡ ജില്ലയിലുള്ള ലഖൻപൂരിൽ ആണ് ഈ പ്രോജക്ട് ആരംഭിച്ചത്.
  - കാർഷിക മേഖലയിൽ രാസവളങ്ങൾ നിർമ്മിക്കാനും, ഖനന വ്യവസായത്തിൽ സ്ഫോടക വസ്തുക്കൾ ഉണ്ടാക്കാനും ഉപയോഗിക്കുന്ന ഒരു പ്രധാന രാസവസ്തുവാണ് അമോണിയം നൈട്രേറ്റ്.
  - ഭാരത് കോൾ ഗ്യാസിഫിക്കേഷൻ ആൻഡ് കെമിക്കൽസ് ലിമിറ്റഡ് (BCGCL) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

- കമല, കലായ് II എന്നീ വൻകിട ജലവൈദ്യുത പദ്ധതികൾ സ്ഥിതി ചെയ്യുന്ന ഇന്ത്യയിലെ സംസ്ഥാനം

**അരുണാചൽ പ്രദേശ്**

  - കേന്ദ്ര സാമ്പത്തിക കാര്യ മന്ത്രിസഭാ സമിതി (CCEA) അടുത്തിടെ ഇവയ്ക്കു നിർമ്മാണത്തിന് അംഗീകാരം നൽകി.
  - കമലാ നദിയിലാണ് (കാംലെ നദി) കമല ജലവൈദ്യുത പദ്ധതി ഡാം നിർമ്മിക്കുന്നത്. ബ്രഹ്മപുത്രയുടെ പ്രധാന പോഷകനദിയായ സുബൻസിരിയുടെ ഒരു പോഷകനദിയാണ് കമലാ നദി.
  - ബ്രഹ്മപുത്ര നദിയുടെ പ്രധാന പോഷകനദിയായ ലോഹിത് (Lohit) നദിയിലാണ് കലായ് II ജലവൈദ്യുത പദ്ധതി സ്ഥിതി ചെയ്യുന്നത്.

- വന്യജീവി സംരക്ഷണത്തിനും വെറ്ററിനറി സയൻസിനുമുള്ള ലോകത്തിലെ ആദ്യത്തെ സംയോജിത സർവ്വകലാശാലയായ 'വൻതാര യൂണിവേഴ്സിറ്റി' സ്ഥാപിതമാകുന്നത്

**ജാംനഗർ, ഗുജറാത്ത്**

  - വന്യജീവി സംരക്ഷണത്തിനും വെറ്ററിനറി സയൻസിനുമായി മാത്രം സമർപ്പിച്ചിരിക്കുന്ന ലോകത്തിലെ ആദ്യത്തെ സംയോജിത ആഗോള സർവ്വകലാശാലയാണ് വൻതാര യൂണിവേഴ്സിറ്റി.
  - റിലയൻസ് ഇൻഡസ്ട്രീസിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറും 'വൻതാര'യുടെ സ്ഥാപകനുമായ ആനന്ദ് അംബാനിയാണ് ഇതിന് നേതൃത്വം നൽകുന്നത്.

- 2026 ഏപ്രിൽ രാജ്യസഭ സീറ്റിലേക്ക് രാഷ്ട്രപതി നാമനിർദ്ദേശം ചെയ്ത വ്യക്തി

**ഹരിവംശ് നാരായൺ സിംഗ്**

  - 2018 മുതൽ രാജ്യസഭയുടെ ഉപാധ്യക്ഷനായി അദ്ദേഹം സേവനമനുഷ്ഠിച്ചു വരികയായിരുന്നു
  - അദ്ദേഹത്തിന്റെ രാജ്യസഭാ കാലാവധി ഏപ്രിൽ 9ന് അവസാനിച്ചിരുന്നു.
  - രാജ്യസഭയിൽ നിന്നും മുൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് രഞ്ജൻ ഗൊഗോയ് വിരമിച്ചതിനെത്തുടർന്ന് വന്ന ഒഴിവിലേക്കാണ് നാമനിർദേശം ചെയ്തത്
  - മുൻ ബീഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ രാജ്യസഭാ അംഗമായി സത്യപ്രതിജ്ഞ ചെയ്തു
  - ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 80 (Article 80) പ്രകാരം, രാജ്യസഭയിലേക്ക് പരമാവധി 12 അംഗങ്ങളെ നാമനിർദ്ദേശം ചെയ്യാൻ രാഷ്ട്രപതിക്ക് അധികാരമുണ്ട്.

- 2028 ൽ COP 33 കാലാവസ്ഥാ ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കാനുള്ള നിർദ്ദേശം ഇന്ത്യ പിൻവലിച്ചു.
  - ഇന്ത്യയിൽ 2002ൽ ന്യൂഡൽഹിയിൽ വച്ചാണ് COP 8 നടന്നത്
  - കാലാവസ്ഥാ ഉച്ചകോടി സംഘടിപ്പിക്കുന്നത് UNFCCC (United Nations Framework Convention on Climate Change) ആണ്.
  - ആസ്ഥാനം - **ബോൺ** (ജർമ്മനി)

## Defence

- 2026 ഏപ്രിലിൽ വടക്കൻ സിക്കിമിലെ മണ്ണിടിച്ചിലിൽ വിനോദസഞ്ചാരികളെ രക്ഷിക്കുന്നതിനായി ഇന്ത്യൻ സൈന്യം നടത്തിയ രക്ഷാപ്രവർത്തനം

**ഓപ്പറേഷൻ ഹിം സേതു**

  - വടക്കൻ സിക്കിമിലെ ലാച്ചെനും ചുങ്താങ്ങിനും ഇടയിലാണ് മണ്ണിടിച്ചിലിൽ ഉണ്ടായത്

- 2026 ഏപ്രിലിൽ നടക്കുന്ന സൈക്ലോൺ IV വേദി

**അൻഷാസ്, ഈജിപ്ത്**

  - ഇന്ത്യ-ഈജിപ്ത് സംയുക്ത പ്രത്യേക സേനാ അഭ്യാസമാണിത്

## Demise

- 2026 ഏപ്രിലിൽ അന്തരിച്ച ലയൺ ഓഫ് ലഡാക്ക് എന്നറിയപ്പെടുന്ന സൈനിക ഉദ്യോഗസ്ഥൻ

**കേണൽ സോനം വാങ്ചുക്ക്**

  - 1999 ലെ കാർഗിൽ യുദ്ധത്തിൽ, ബറ്റാലിക് സെക്ടറിലെ ചോർബത് ലാ തിരിച്ചുപിടിക്കുന്നതിനായി 5,500 മീറ്റർ ഉയരത്തിൽ വെച്ച് നടന്ന നിർണായക സൈനിക നീക്കത്തിന് നേതൃത്വം നൽകിയത് അന്നത്തെ മേജർ ആയിരുന്ന സോനം വാങ്ചുക്കാണ്.
  - കാർഗിലിലെ അദ്ദേഹത്തിന്റെ സേവനങ്ങൾക്ക് ഇന്ത്യയുടെ ഏറ്റവും ഉയർന്ന രണ്ടാമത്തെ സൈനിക ബഹുമതിയായ മഹാ വീരചക്ര നൽകി രാജ്യം ആദരിച്ചു
  - കാർഗിൽ യുദ്ധവിജയത്തിന്റെ ഓർമ്മയ്ക്കായി എല്ലാ വർഷവും ജൂലൈ 26 കാർഗിൽ വിജയ് ദിവസ് ആയി ആചരിക്കുന്നു.

## Today's MCQ

1. ദേശീയ ചലച്ചിത്ര വികസന കോർപ്പറേഷന്റെ പാർട്ട് ടൈം ചെയർമാനായി അടുത്തിടെ നിയമിതനായത്

   (a) കെ. കൃഷ്ണകുമാർ (b) ജി. കൃഷ്ണകുമാർ

   (c) സുരേഷ് ഗോപി (d) ശോഭന

2. ഇന്ത്യയിലെ ആദ്യത്തെ ഡ്രൈവറില്ലാത്ത പോഡ് ടാക്സി സംവിധാനത്തിന് തറക്കല്ലിട്ട നഗരം

   (a) ഡൽഹി (b) അഹമ്മദാബാദ്

   (c) മുംബൈ (d) പൂനെ

**Ans : 1. (b), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
13-14



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW
veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 13, 14 APRIL 2026

## National

- പുതുച്ചേരി നിയമസഭാ തിരഞ്ഞെടുപ്പിലെ വോട്ടിംഗ് ബൂത്തിൽ വോട്ടർമാരെ സ്വീകരിക്കാൻ ഉപയോഗിച്ച റോബോട്ട്

  **നില**

  - 2026 ഏപ്രിൽ 9 നു തിരഞ്ഞെടുപ്പ് നടന്നു

- പഴയ തുണികൾ സംസ്കരിച്ചെടുക്കുന്ന ടെക്സ്റ്റൈൽ റിക്കവറി ഫെസിലിറ്റി ആരംഭിച്ച ഇന്ത്യയിലെ ആദ്യ മുൻസിപ്പൽ കോർപ്പറേഷൻ

  **നവി മുംബൈ മുൻസിപ്പൽ കോർപ്പറേഷൻ**

- ജ്യോതിറാവു ഭുലെയുടെ 200-ാമത് ജന്മ വാർഷികം പ്രമാണിച്ചു 2 വർഷം നീണ്ടു നിൽക്കുന്ന പരിപാടികൾക്ക് തുടക്കം കുറിച്ചു

  - ജ്യോതി റാവു ഫുലെ ജനിച്ച വർഷം - **1827 ഏപ്രിൽ 11**
  - ജന്മദേശം - **സത്താറ** (മഹാരാഷ്ട്ര)
  - പിന്നാക്ക ജാതിക്കാരെ സൂചിപ്പിക്കുന്നതിനായി 'ദളിത്' എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത് **ജ്യോതി റാവു ഫുലെ**
  - **ഗുലാംഗിരി, ഇഷാര** എന്നീ ഗ്രന്ഥങ്ങളുടെ രചയിതാവ്
  - അംബേദ്കറുടെ രാഷ്ട്രീയ ഗുരുവാണ് ഇദ്ദേഹം

- ദേശീയ പാതയോരങ്ങളിലെ ഒഴിഞ്ഞ സ്ഥലങ്ങളിൽ ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിനായി ഇന്ത്യയുടെ ദേശീയ പാത അതോറിറ്റി ആരംഭിച്ച പുതിയ പദ്ധതി

  **ആരോഗ്യ വനം** (ആരോഗ്യ വൻ)

  - ദേശീയ പാതയോരങ്ങളിലെ ഉപയോഗശൂന്യമായ സ്ഥലങ്ങളിൽ ഔഷധ ഗുണങ്ങളുള്ള മരങ്ങൾ നട്ടുപിടിപ്പിച്ച് ജൈവവൈവിധ്യം വർദ്ധിപ്പിക്കുകയും ആവാസവ്യവസ്ഥയെ സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് 'ആരോഗ്യ വനം' പദ്ധതിയുടെ പ്രധാന ലക്ഷ്യം

- 'പോഷൺ പഖ്വാഡ'യുടെ 8-ാമത് (Poshan Pakhwada) പതിപ്പിന് 2026 ഏപ്രിലിൽ തുടക്കം കുറിച്ചു

  - 2026 ഏപ്രിൽ 9 മുതൽ 23 വരെയാണ് രാജ്യവ്യാപകമായി എട്ടാമത് പോഷൺ പഖ്വാഡ ആചരിക്കുന്നത്.
  - കേന്ദ്ര വനിതാശിശുവികസന വകുപ്പ് മന്ത്രി അന്നപൂർണ്ണ ദേവിയുടെ നേതൃത്വത്തിൽ ഇതിന്റെ ഉദ്ഘാടനം നടന്നത്.
  - 2026-ലെ പ്രമേയം - **Maximizing Brain Development in the First Six Years of Life**
  - 2019-ലാണ് 15 ദിവസം നീണ്ടുനിൽക്കുന്ന ഈ രാജ്യവ്യാപക പോഷകാഹാര ബോധവൽക്കരണ കാമ്പയിൻ ആരംഭിച്ചത്.
  - ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.
  - എല്ലാ വർഷവും സെപ്റ്റംബർ മാസം ദേശീയ പോഷകാഹാര മാസമായി (National Nutrition Month) ആചരിക്കുന്നു.

## International

- ഇറാൻ-ഇസ്രായേൽ വെടിനിർത്തലിന് ശേഷം ഹോർമോസ് കടലിടുക്ക് കടന്ന ഇന്ത്യൻ കപ്പൽ

  **ജഗ് വിക്രം**

## Defence

- ഇന്ത്യൻ സൈന്യത്തിന്റെ ബ്രഹ്മാസ്ത്ര അഭ്യാസത്തിന്റെ വേദി

  **പൊഖ്റാൻ** (രാജസ്ഥാൻ)

## Sports

- 3 വ്യത്യസ്ത ടീമുകൾക്കായി IPL-ൽ സെഞ്ചുറി നേടിയ രണ്ടാമത്തെ താരം

  **സഞ്ജു സാംസൺ** (ആദ്യം  K L രാഹുൽ )

  - നിലവിൽ ചെന്നൈ സൂപ്പർ കിങ്സിന് വേണ്ടി കളിക്കുന്ന സഞ്ജു ഡൽഹിക്കുവേണ്ടിയും രാജസ്ഥാന് വേണ്ടിയും സെഞ്ചുറി നേടിയിട്ടുണ്ട്

## Demise

- 2026 ഏപ്രിലിൽ അന്തരിച്ച ഇന്ത്യൻ പിന്നണി ഗായിക

  **ആശാ ഭോസ്‌ലെ**

  - പൂർണ്ണനാമം - **ആശാലത ദിനാനാഥ് മങ്കേഷ്കർ**
  - ജനനം - **8 സെപ്റ്റംബർ 1933**
  - മരണം - **2026 ഏപ്രിൽ 12**
  - ലതാ മങ്കേഷ്കറിന്റെ സഹോദരിയാണ്
  - ഹിന്ദി, മറാത്തി, ബംഗാളി, മലയാളം ഉൾപ്പെടെ 20+ ഭാഷകളിൽ പാടിയിട്ടുണ്ട്
  - 11,000 ലധികം റെക്കോർഡ് ചെയ്ത ഗാനങ്ങൾ (ഏറ്റവും കൂടുതൽ ഗാനങ്ങൾ റെക്കോർഡ് ചെയ്ത ഗായിക)
  - 1943-ൽ മജ്ഹ ബാൽ എന്ന മറാഠി ചിത്രത്തിലൂടെ അരങ്ങേറ്റം
  - ദാദാസാഹേബ് ഫാൽക്കെ അവാർഡ് (2000), പത്മവിഭൂഷൺ (2008) എന്നിവ ലഭിച്ചിട്ടുണ്ട്
  - ഗ്രാമി അവാർഡിന് നാമനിർദ്ദേശം ചെയ്യപ്പെട്ട ആദ്യ ഇന്ത്യൻ ഗായിക
  - ഒരേയൊരു മലയാള ചിത്രത്തിൽ മാത്രമാണ് പാടിയിട്ടുള്ളത് ('സുജാത' എന്ന ചിത്രത്തിലെ 'സ്വയംവര ശുഭദിന മംഗളങ്ങൾ...അനുമോദനത്തിന്റെ ആശംസകൾ')

## Today's MCQ

1. 2026 ഏപ്രിലിൽ ബി.പി.സി.എൽ. ചെയർമാനും മാനേജിംഗ് ഡയറക്ടറുമായി നിയമിതനായത്

   (a) റോബർട്ട് ജെറാർഡ് രവി (b) അരവിന്ദർ സിംഗ് സാഹ്നി

   (c) കിരൺ തോമസ് (d) സഞ്ജയ് ഖന്ന

2. ഒരു ട്രില്യൺ രൂപയുടെ വിറ്റുവരവ് പിന്നിട്ട ഇന്ത്യയിലെ ആദ്യത്തെ ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് (എഫ്.എം.സി.ജി.) കമ്പനി

   (a) അമുൽ (b) ഡാബർ

   (c) നെസ്‌ലെ ഇന്ത്യ (d) ഹിന്ദുസ്ഥാൻ യൂണിലിവർ

**Ans : 1. (d), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
15



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW
veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 15 APRIL 2026

## Appointment

- ഹംഗറിയുടെ പുതിയ പ്രധാനമന്ത്രിയായി ചുമതലയേൽക്കുന്നത്

  **Peter Magyar**

  - തിരഞ്ഞെടുപ്പിൽ വലതുപക്ഷക്കാരനായ വിക്ടർ ഓർബനെ പരാജയപ്പെടുത്തി

- ഇസ്രായേലിന്റെ ഇന്റലിജൻസ് ഏജൻസി ആയ മൊസാദിന്റെ പുതിയ തലവനായി നിയമിതനാകുന്നത്

  **റോമൻ ഗോഫ്മാൻ**

  - ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു

## Award

- ഭാരതീയ ഭാഷാ പരിഷത്തിന്റെ യുവ പുരസ്കാരത്തിന് അർഹയായ മലയാള എഴുത്തുകാരി

  **ജിൻഷ ഗംഗ**

  - സമ്മാനത്തുക - **51,000 രൂപ**

## Book and Author

- After 74 Years...Resurgence of Kerala Cricket in Ranji Trophy എന്ന പുസ്തകം എഴുതിയത്

  **അമയ് ഖുറാസിയ**

  - മുൻ ഇന്ത്യൻ ക്രിക്കറ്റ് താരവും കേരള ടീം പരിശീലകനുമാണ് അദ്ദേഹം
  - പുസ്തകം മധ്യപ്രദേശ് മുഖ്യമന്ത്രി ഡോ. മോഹൻ യാദവ് പ്രകാശനം ചെയ്തു.

## National

- 2026 ഏപ്രിലിൽ ദക്ഷിണ റെയിൽവേ സ്ഥാപിതമായതിന്റെ 75-ാമത് വാർഷികം
  - സ്ഥാപിതമായത് - **1951 ഏപ്രിൽ 14**
  - ആസ്ഥാനം - **ചെന്നൈ**
  - ഇന്ത്യയിലെ ആദ്യത്തെ റെയിൽവേ സോൺ ആണിത്

## International

- അടുത്തിടെ സ്വാമി വിവേകാനന്ദന്റെ പൂർണകായ പ്രതിമ അനാച്ഛാദനം ചെയ്യപ്പെട്ട രാജ്യം

  **അമേരിക്ക**

  - അമേരിക്കയിലെ സിയാറ്റിലിലാണ് സ്ഥാപിച്ചത്
  - പ്രതിമ ഇന്ത്യൻ കോൺസൽ ജനറൽ പ്രകാശ് ഗുപ്തയും മേയർ കെയ്റ്റി വിൽസണും ചേർന്ന് അനാവരണം ചെയ്തു

- ലോകത്തിലെ ഏറ്റവും പ്രായം കൂടിയ ഗൊറില്ല

  **ഫാറ്റൂ**

  - 69 വയസായ ഫാറ്റൂവിനെ ബെർലിൻ മൃഗശാലയിൽ സംരക്ഷിച്ചു വരുന്നു

## Sports

- ബുണ്ടെസ്‌ലിക മത്സരത്തിൽ ഒരു സീസണിൽ ഏറ്റവും കൂടുതൽ ഗോളുകൾ നേടുന്ന ക്ലബ്ബ് എന്ന സ്വന്തം റെക്കോർഡ് തിരുത്തിയത്

**ബയൺ മ്യൂണിക്** (105 ഗോളുകൾ)

- മേനോർക മാസ്റ്റേഴ്സ് ചെസ് ടൂർണമെന്റിൽ ജേതാവായ ഇന്ത്യൻ താരം

**നിഹാൽ സരിൻ**

  - ഇന്ത്യയുടെ 53-ാമത് ഗ്രാൻഡ്മാസ്റ്റർ

- ബാഡ്മിന്റൺ ഏഷ്യ ചാമ്പ്യൻഷിപ്പ് 2026ൽ പുരുഷ സിംഗിൾസിൽ വെള്ളി മെഡൽ നേടിയത്

**ആയുഷ് ഷെട്ടി**

  - ചൈനയുടെ ഷി യുകി സ്വർണ്ണ മെഡൽ നേടി

- 2026 വനിതാ T20 ലോകകപ്പിനായി റെക്കോർഡ് സമ്മാനത്തുക പ്രഖ്യാപിച്ചു.
  - 82 ലക്ഷം ഡോളറാണ് (ഏകദേശം 82 കോടി രൂപ) ടൂർണമെന്റിൽ ആകെ സമ്മാനത്തുകയായി നൽകുക.
  - വനിതാ ലോകകപ്പിന്റെ ചരിത്രത്തിലെ ഏറ്റവുമുയർന്ന സമ്മാനത്തുകയാണിത്.

- 2026 മോണ്ടെകാർലോ കിരീടം നേടിയത്

**ജാനിക് സിന്നർ**

  - ജാനിക് സിന്നർ തന്റെ ആദ്യത്തെ റോളക്സ് മോണ്ടെകാർലോ മാസ്റ്റേഴ്സ് കിരീടം നേടി
  - ഫൈനലിൽ കാർലോസ് അൽകാരസിനെ പരാജയപ്പെടുത്തി.

## Demise

- 2026 ഏപ്രിലിൽ അന്തരിച്ച പ്രശസ്ത ഹോളിവുഡ് നടൻ

**ജോൺ നോളൻ**

  - പ്രധാന സിനിമകൾ Batman Begins, The Dark Knight Rises

- 2026 ഏപ്രിലിൽ അന്തരിച്ച വീൽ ചെയർ റേസിങ്ങിന്റെ പിതാവ് എന്ന് അറിയപ്പെടുന്ന വ്യക്തി

**ബോബ് ഹാൾ**

  - അമേരിക്കൻ അത്‌ലറ്റാണ് അദ്ദേഹം

## Today's MCQ

1. ദേശീയ പാതയോരങ്ങളിലെ ഒഴിഞ്ഞ സ്ഥലങ്ങളിൽ ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിനായി ഇന്ത്യയുടെ ദേശീയ പാത അതോറിറ്റി ആരംഭിച്ച പുതിയ പദ്ധതി

   (a) പ്രകൃതിവനം (b) ആരോഗ്യ വനം

   (c) ഔഷധവനം (d) ഹരിതവനം

2. ഇന്ത്യൻ സൈന്യത്തിന്റെ ബ്രഹ്മാസ്ത്ര അഭ്യാസത്തിന്റെ വേദി

   (a) ഡെറാഡൂൺ (b) പൂനെ

   (c) പൊഖ്റാൻ (d) ചെന്നൈ

**Ans : 1. (b), 2. (b)**

TALENT PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
16-17




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 16, 17 APRIL 2026

## Awards

- 2026 മാർച്ചിലെ ഐ.സി.സി മെൻസ് പ്ലെയർ ഓഫ് ദ മന്ത് ആയി തിരഞ്ഞെടുക്കപ്പെട്ടത്

  **സഞ്ജു സാംസൺ**

  - 2026-ലെ ഐ.സി.സി. പുരുഷ T20 ലോകകപ്പിലെ മികച്ച പ്രകടനത്തിലൂടെയാണ് പുരസ്കാരത്തിനായി സഞ്ജുവിനെ തിരഞ്ഞെടുത്തത് .
- **വിസ്ഡൺ അവാർഡുകൾ 2026**
  - Leading Women's Cricketer in the World - **ദീപ്തി ശർമ്മ**
  - Leading Men's Cricketer in the World - **മിച്ചൽ സ്റ്റാർക്ക്** (ഓസ്ട്രേലിയ)
  - Five Cricketers of the Year - **ശുഭ്മാൻ ഗിൽ, രവീന്ദ്ര ജഡേജ, ഋഷഭ് പന്ത്, മുഹമ്മദ് സിറാജ്, ഹസീബ് ഹമീദ്** (ഇംഗ്ലണ്ട്)
  - Leading T20 Cricketer in the World - **അഭിഷേക് ശർമ്മ**
- 2026-ൽ മച്ചലി നാഷണൽ അവാർഡ് നേടിയത്

  **അനിത ചൗധരി**

  - വന്യജീവി സംരക്ഷണത്തിനും രക്ഷാപ്രവർത്തനങ്ങൾക്കും നൽകിയ അസാധാരണ സംഭാവനകൾ അടിസ്ഥാനമാക്കിയയാണ് പുരസ്കാരം നൽകിയത്
  - രാജസ്ഥാനിലെ ഷേർഗഡ് വന്യജീവി സങ്കേതത്തിലെ ഫോറസ്റ്റ് ഗാർഡാണ് അനിത ചൗധരി
  - വേൾഡ് വൈൽഡ്‌ലൈഫ് ഫണ്ട് ഫോർ നേച്ചർ (WWF), പ്രഭാ ഖേതൻ ഫൗണ്ടേഷൻ എന്നിവർ സംയുക്തമായാണ് ഈ പുരസ്കാരം നൽകിയത്.

## Appointment

- ബീഹാറിന്റെ പുതിയ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത്

  **സമ്രാട്ട് ചൗധരി**

  - ബീഹാറിലെ ആദ്യ ബി.ജെ.പി. മുഖ്യമന്ത്രി
  - ഇപ്പോൾ രാജ്യസഭാ എം.പിയായ നിതീഷ് കുമാറായിരുന്നു ഇതിനുമുമ്പ് ബീഹാറിലെ മുഖ്യമന്ത്രി

## Kerala

- വയോജനങ്ങൾക്ക് ആരോഗ്യം ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള ന്യൂമോകോക്കൽ വാക്സിനേഷൻ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നതിനായി കേരള സർക്കാരുമായി സഹകരിക്കുന്ന അന്താരാഷ്ട്ര സംഘടന

  **ലോകാരോഗ്യ സംഘടന** (WHO)

  - ലോകാരോഗ്യ സംഘടന (WHO) ഈ വാക്സിനേഷൻ യജ്ഞത്തെക്കുറിച്ച് പഠിക്കാൻ ഇന്ത്യയിൽ നിന്നും തിരഞ്ഞെടുത്തിട്ടുള്ള 4 സംസ്ഥാനങ്ങളിൽ ഒന്ന് കേരളമാണ്. പഞ്ചാബ്, ഡൽഹി, ഗോവ എന്നിവയാണ് മറ്റുള്ളവ.
  - ഈ വർഷം അവസാനമാകുമ്പോഴേക്കും കേരളത്തിലെ ആകെ ജനസംഖ്യയുടെ 25 ശതമാനം വയോജനങ്ങളായി മാറുമെന്നാണ് പുതിയ കണക്കുകൾ സൂചിപ്പിക്കുന്നത്.

## National

- ഇന്ത്യയിൽ ആദ്യമായി ക്വാണ്ടം എക്കോസിസ്റ്റം റോഡ്മാപ്പ് പുറത്തിറക്കിയ സംസ്ഥാനം

**കർണാടക**

  - ലോക ക്വാണ്ടം ദിനത്തോടനുബന്ധിച്ച് ബംഗളൂരുവിലെ ജവഹർലാൽ നെഹ്റു പ്ലാനറ്റോറിയത്തിലാണ് ഇതിന്റെ ആദ്യ ഘട്ടം പ്രകാശനം ചെയ്തത്.
  - ലോക ക്വാണ്ടം ദിനം - **ഏപ്രിൽ 14**

- അടുത്തിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്ത സാമ്പത്തിക ഇടനാഴി

**ഡൽഹി-ഡെറാഡൂൺ സാമ്പത്തിക ഇടനാഴി**

  - 213 കിലോമീറ്റർ നീളമുള്ള ആറ് വരി പ്രവേശന നിയന്ത്രണ പാതയാണ് ഡൽഹി - ഡെറാഡൂൺ സാമ്പത്തിക ഇടനാഴി
  - 2026 ഏപ്രിൽ 14-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉത്തരാഖണ്ഡിലെ ഡെറാഡൂണിൽ വെച്ചാണ് ഈ ഇടനാഴി രാജ്യത്തിന് സമർപ്പിച്ചത്.
  - ഡൽഹിയിൽനിന്ന് ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങളിലൂടെയാണ് പാത കടന്നുപോകുന്നത്. മൂന്ന് റെയിൽവേ മേൽപ്പാലങ്ങളും നാല് പ്രധാന പാലങ്ങളുമുണ്ട്.
  - മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷം കുറയ്ക്കുന്നതിന് രാജാജി നാഷണൽ പാർക്ക് മേഖലയിലൂടെ കടന്നുപോകുന്ന 12 കിലോമീറ്റർ നീളമുള്ള എലിവേറ്റഡ് വൈൽഡ് ലൈഫ് കോറിഡോർ നിർമ്മിച്ചിട്ടുണ്ട്. ഇത് ഏഷ്യയിലെ തന്നെ ഏറ്റവും നീളമേറിയ എലിവേറ്റഡ് വൈൽഡ് ലൈഫ് കോറിഡോറാണ്.

- സ്കൂൾ വിദ്യാർത്ഥികൾക്ക് അവരുടെ അസാധാരണമോ അപമാനകരമോ ആയ പേരുകൾക്ക് മാറ്റാൻ അനുവദിക്കുന്ന സാർത്ഥക് നാം അഭിയാൻ പദ്ധതി ആരംഭിച്ച സംസ്ഥാനം

**രാജസ്ഥാൻ**

  - കുട്ടികളുടെ ആത്മവിശ്വാസം കെടുത്തുന്നതോ അപമാനകരമായതോ ആയ പേരുകൾ സ്കൂൾ രജിസ്റ്ററുകളിൽ നിന്ന് മാറ്റി കൂടുതൽ അർത്ഥവത്തായ പേരുകൾ നൽകുക.
  - ഒരു കുട്ടിയുടെ വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ പേരുകൾക്ക് വലിയ പങ്കുണ്ടെന്ന് സർക്കാർ വിലയിരുത്തുന്നു.

- സ്ത്രീകൾ നയിക്കുന്ന വികസനം പ്രോത്സാഹിപ്പിക്കുന്നതിനും പൊതുജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങളുടെ ഭാഗമായി, യുവജനകാര്യ കായിക മന്ത്രാലയം ഇന്ത്യയിലെ പ്രധാന നഗരങ്ങളിൽ 'നാരി ശക്തി വന്ദൻ റൺ' സംഘടിപ്പിക്കും.
  - പട്ന, ജയ്പൂർ,ഡൽഹി, കട്ടക്ക്, മുംബൈ, ഇൻഡോർ, ബംഗളൂരു എന്നീ നഗരങ്ങളിലായി നടക്കും
  - സ്ത്രീ ശാക്തീകരണത്തിനായുള്ള സർക്കാരിന്റെ പ്രതിബദ്ധതയാണ് ഈ സംരംഭം പ്രതിഫലിപ്പിക്കുന്നതെന്നും വികസിത രാഷ്ട്രമായി മാറുന്നതിനുള്ള ഇന്ത്യയുടെ യാത്രയിൽ സ്ത്രീകളുടെ പങ്ക് ശക്തിപ്പെടുത്തുകയാണ് ലക്ഷ്യമെന്നും മന്ത്രാലയം പറഞ്ഞു.

TALENT PSC Academy a Veranda Enterprise

## Sports

- ലോക ചെസ്സ് ചാമ്പ്യൻഷിപ്പ് ഫൈനലിന് യോഗ്യത നേടുന്ന രണ്ടാമത്തെ ഇന്ത്യൻ വനിതാ താരം

**ആർ. വൈശാലി**

- ആദ്യ താരം - **കൊനേരു ഹംപി** (2011)
- ലോക ചാമ്പ്യൻഷിപ്പ് മത്സരത്തിൽ ജു വെൻജുനെ നേരിടും
- ആർ. പ്രഗ്നനന്ദയുടെ സഹോദരി
- ഇന്ത്യയുടെ 84-ാമത്തെ ഗ്രാൻഡ്മാസ്റ്റർ
- ഇന്ത്യയിൽ ഗ്രാൻഡ്മാസ്റ്റർ പദവി നേടുന്ന 3-ാമത്തെ വനിത
- 2023 അർജുന അവാർഡ് ലഭിച്ചു.

## Today's MCQ

1. അടുത്തിടെ സ്വാമി വിവേകാനന്ദന്റെ പൂർണകായ പ്രതിമ അനാച്ഛാദനം ചെയ്യപ്പെട്ട രാജ്യം

   (a) ജർമ്മനി (b) ഫ്രാൻസ്

   (c) റഷ്യ (d) അമേരിക്ക

2. ഭാരതീയ ഭാഷാ പരിഷത്തിന്റെ യുവ പുരസ്കാരത്തിന് അർഹയായ മലയാള എഴുത്തുകാരി

   (a) ജിൻഷ ഗംഗ (b) ആർ. രാജശ്രീ

   (c) കെ.ആർ. മീര (d) അനഘ ജെ

**Ans : 1. (d), 2. (a)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
18



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 18 APRIL 2026

## Appointment

- 2026 ഏപ്രിലിൽ സെബിയുടെ മുഴുവൻ സമയ അംഗമായി നിയമിതനായത്

  **കെ.വി. രമണ മൂർത്തി**

  - മൂന്ന് വർഷത്തെ കാലാവധി
  - ഇന്ത്യയിലെ ഓഹരി വിപണിയെ നിയന്ത്രിക്കുന്ന പ്രധാന ഔദ്യോഗിക സ്ഥാപനമാണ് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (SEBI)
  - 1988 ഏപ്രിൽ 12നാണ് ഇത് സ്ഥാപിതമായത്. തുടർന്ന് 1992 ജനുവരി 30 ന് സെബിക്ക് സ്വയം ഭരണാധികാരമുള്ള നിയമപരമായ പദവി ലഭിച്ചു.
  - ആസ്ഥാനം - **മുംബൈ**

- ബയോടെക്നോളജി റിസർച്ച് ആൻഡ് ഇന്നൊവേഷൻ കൗൺസിലിന്റെ (BRIC) കീഴിലുള്ള രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ പുതിയ ഡയറക്ടർ

  **ബീന പിള്ള**

  - ന്യൂഡൽഹിയിലെ സി.എസ്.ഐ.ആർ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജിയിലെ ചീഫ് സയന്റിസ്റ്റായിരുന്നു

## National

- ഇന്ത്യയിലെ ആദ്യത്തെ സെമികണ്ടക്ടർ സ്പെഷ്യൽ ഇക്കണോമിക് സോൺ സ്ഥാപിക്കപ്പെടുന്നത്

  **ധൊലേര** (ഗുജറാത്ത്)

  - ഇന്ത്യയുടെ ചിപ്പ് നിർമ്മാണ രംഗത്തെ സ്വയംപര്യാപ്തത ലക്ഷ്യമിട്ട്, രാജ്യത്തെ ആദ്യത്തെ സെമി കണ്ടക്ടർ ഫാബ്രിക്കേഷൻ പ്ലാന്റിനായുള്ള പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് (SEZ) കേന്ദ്ര വാണിജ്യ മന്ത്രാലയം ഔദ്യോഗികമായി അംഗീകാരം നൽകി.

- ഛത്തീസ്ഗഡിൽ ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കുന്നതിനായി രൂപീകരിച്ച ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ അധ്യക്ഷ

  **ജസ്റ്റിസ് രഞ്ജന പ്രകാശ് ദേശായി**

  - 8-ാം കേന്ദ്ര ശമ്പള കമ്മീഷൻ അധ്യക്ഷ - **ജസ്റ്റിസ് രഞ്ജന പ്രകാശ് ദേശായി**
  - ഇന്ത്യയിൽ ഒരു കേന്ദ്ര ശമ്പള കമ്മീഷനെ നയിക്കുന്ന ആദ്യ വനിത
  - ഇന്ത്യയിൽ സ്വാതന്ത്ര്യാനന്തരം ആദ്യമായി ഏകീകൃത സിവിൽ കോഡ് പാസാക്കിയ സംസ്ഥാന മാണ് ഉത്തരാഖണ്ഡ്.
  - 2026 മാർച്ചിൽ ഗുജറാത്ത് നിയമസഭ യു.സി.സി ബിൽ പാസാക്കിയിരുന്നു
  - ഛത്തീസ്ഗഡ് മുഖ്യമന്ത്രി - **വിഷ്ണു ദിയോ സായ്**

- 2026 ഏപ്രിലിലെ റിപ്പോർട്ട് പ്രകാരം, 2026-27 സാമ്പത്തിക വർഷത്തിൽ ഐ.എം.എഫ് പ്രവചിച്ചിരിക്കുന്ന ഇന്ത്യയുടെ ജി.ഡി.പി. വളർച്ചാ നിരക്ക്

  **6.5%**

  - IMF - **International Monetary Fund**
  - ഐ.എം.എഫിന്റെ ആസ്ഥാനം - **വാഷിംഗ്ടൺ ഡി.സി** (യു.എസ്.എ)
  - മാനേജിംഗ് ഡയറക്ടർ - **ക്രിസ്റ്റലീന ജോർജീവ**

- 2026 ഏപ്രിലിൽ ഇന്ത്യയുമായി സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പുവയ്ക്കുന്ന രാജ്യം

  **ന്യൂസിലൻഡ്**

  - ആഭ്യന്തര കയറ്റുമതിക്കാരുടെ സാധനങ്ങൾക്ക് ദ്വീപ് രാഷ്ട്രത്തിന്റെ വിപണിയിലേക്ക് താരിഫ് രഹിത പ്രവേശനം നൽകുക എന്നതാണ് സ്വതന്ത്ര വ്യാപാര കരാറിന്റെ ലക്ഷ്യം

## International

- 2026 ലോക ഹീമോഫീലിയ ദിനത്തിന്റെ പ്രമേയം

  **Diagnosis: First Step to Care**

  - ലോക ഹീമോഫീലിയ ദിനം - **ഏപ്രിൽ 17**

- അടുത്തിടെ ഇസ്രായേലുമായുള്ള പ്രതിരോധ സഹകരണ കരാർ താൽക്കാലികമായി നിർത്തിവച്ച രാജ്യം

  **ഇറ്റലി**

  - ഇസ്രായേലുമായുള്ള പ്രതിരോധ സഹകരണ കരാറിന്റെ പുതുക്കൽ താൽക്കാലികമായി നിർത്തി വയ്ക്കാൻ ഇറ്റാലിയൻ സർക്കാർ തീരുമാനിച്ചു.
  - ഇറ്റലി പ്രധാനമന്ത്രി - **ജോർജിയ മെലോണി**

- അടുത്തിടെ പാപ്പുവ ന്യൂ ഗിനിയയിൽ നാശം വിതച്ച ഉഷ്ണമേഖലാ ചുഴലിക്കാറ്റ്

  **മൈല**

- 2030 ആകുമ്പോഴേക്കും 1 ബില്യൺ ജനങ്ങളുടെ ജലസുരക്ഷ മെച്ചപ്പെടുത്താൻ സഹായിക്കുന്നതിനുള്ള ആഗോള പ്ലാറ്റ്ഫോമായ വാട്ടർ ഫോർവേഡ് ആരംഭിച്ച അന്താരാഷ്ട്ര സംഘടന

  **ലോക ബാങ്ക്**

  - ബഹുമുഖ വികസന ബാങ്കുകൾ, വികസന ധനകാര്യ സ്ഥാപനങ്ങൾ എന്നിവരുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്

- 2026 ബ്രിക്സ് ആരോഗ്യ സമ്മേളനത്തിന്റെ വേദി

  **ന്യൂഡൽഹി**

  - ബ്രിക്സിന് കീഴിലുള്ള ആദ്യത്തെ ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് യോഗമാണിത്

**Today’s MCQ**

1. 2026 വിസ്ഡൺ അവാർഡുകളിൽ Leading Women’s Cricketer in the World ആയി തിരഞ്ഞെടുക്കപ്പെട്ടത്

   (a) ദീപ്തി ശർമ്മ
   (b) സ്മൃതി മന്ദാന
   (c) ഹർമൻപ്രീത് കൗർ
   (d) ഷഫാലി വർമ

2. അടുത്തിടെ ഏത് സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായിട്ടാണ് സമ്രാട്ട് ചൗധരി സത്യപ്രതിജ്ഞ ചെയ്തത്

   (a) പശ്ചിമബംഗാൾ
   (b) ബീഹാർ
   (c) മേഘാലയ
   (d) സിക്കിം

**Ans : 1. (a), 2. (b)**


TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

STUDY NOTES

APRIL 2K26
19



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 19 APRIL 2026

## Appointment

- ഓസ്ട്രേലിയൻ സൈന്യത്തിന്റെ കരസേനാ മേധാവിയായി നിയമിക്കപ്പെട്ട ആദ്യ വനിത

  **സൂസൻ കോയൽ**

  - ഓസ്ട്രേലിയൻ സൈന്യത്തിന്റെ 125 വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് ഒരു വനിത കരസേനാ മേധാവിയാകുന്നത്.

- 2026 ൽ രാജ്യസഭാ ഡെപ്യൂട്ടി ചെയർമാനായി ചുമതലയേറ്റത്

  **ഹരിവംശ് നാരായണൻ സിങ്** (മൂന്നാം തവണ)

  - നാമനിർദേശം വഴി രാജ്യസഭയിൽ എത്തിയ അംഗം ഉപാധ്യക്ഷൻ ആകുന്നത് ആദ്യമാണ്

- അടുത്തിടെ ഇൻഫോസിസിന്റെ ഗ്ലോബൽ ബ്രാൻഡ് അംബാസഡറായി നിയമിതനായ സ്പാനിഷ് ടെന്നീസ് താരം

  **കാർലോസ് അൽകാരസ്**

  - പുരുഷ ടെന്നീസ് ചരിത്രത്തിൽ ലോക ഒന്നാം നമ്പർ പദവിയിലെത്തുന്ന ഏറ്റവും പ്രായം കുറഞ്ഞ താരമാണ് കാർലോസ് അൽകാരസ്.
  - 2026 ലെ ഓസ്ട്രേലിയൻ ഓപ്പൺ കിരീടം നേടിയതോടെ കാർലോസ് അൽകാരസ് 'കരിയർ ഗ്രാൻഡ്സ്ലാം' (Career Grand Slam) തികച്ചിരുന്നു
  - കരിയർ ഗ്രാൻഡ്സ്ലാം സ്വന്തമാക്കുന്ന ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ പുരുഷ താരവും കാർലോസ് അൽകാരസാണ്

## Kerala

- ഇൻസ്റ്റാഗ്രാമിൽ ഏറ്റവും കൂടുതൽ ഫോളോവേഴ്സുള്ള മലയാളി

  **സഞ്ജു സാംസൺ**

  - രണ്ടാമത് - **കീർത്തി സുരേഷ്**
  - മൂന്നാമത് - **അനുപമ പരമേശ്വരൻ**

## National

- 'യാന ഗുഹകൾ' സ്ഥിതി ചെയ്യുന്ന സംസ്ഥാനം

  **കർണാടക**

  - അടുത്തിടെ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ 'ദേശീയ പ്രാധാന്യമുള്ള ജിയോഹെറിറ്റേജ് സൈറ്റായി' ഇതിനെ പ്രഖ്യാപിച്ചു
  - ഏകദേശം 2.7 ബില്യൺ (2700 ദശലക്ഷം) വർഷം പഴക്കമുള്ള പ്രീകാംബ്രിയൻ ഡോളോമിറ്റിക് ലൈംസ്റ്റോൺ കൊണ്ടാണ് ഈ കറുത്ത പാറകൾ രൂപപ്പെട്ടിരിക്കുന്നത്.
  - ചുണ്ണാമ്പുകല്ലുകളുടെ സാന്നിധ്യമുള്ളതിനാൽ ഈ പ്രദേശത്ത് എപ്പോഴും ജലസാന്നിധ്യമുണ്ട്. ഇത് അഘനാശിനി നദിയുടെ പ്രധാന ജലസ്രോതസ്സായി പ്രവർത്തിക്കുന്നു.

- വനിതാ സംവരണ ബിൽ ലോക്സഭയിൽ പരാജയപ്പെട്ടു.
    - മൂന്നിൽ രണ്ട് ഭൂരിപക്ഷമില്ല
    - 298 പേർ ബില്ലിനെ അനുകൂലിച്ച് വോട്ട് ചെയ്തപ്പോൾ 230 പേർ ബില്ലിനെ എതിർത്തു.
- 2027-ൽ 100-ാമത് ജന്മവാർഷികം ആചരിക്കപ്പെടുന്ന മുൻ ഇന്ത്യൻ പ്രധാനമന്ത്രി

**ചന്ദ്രശേഖർ**

- ഇന്ത്യൻ രാഷ്ട്രീയത്തിലെ യുവതുർക്കി എന്നറിയപ്പെടുന്നു
- ചെങ്കോട്ടയിൽ ഇന്ത്യൻ പതാക ഉയർത്താൻ കഴിയാതിരുന്ന ഏക പ്രധാനമന്ത്രി (ആക്ടിംഗ് പ്രധാന മന്ത്രിയായിരുന്ന ഗുൽസാരി ലാൽ നന്ദയും ചെങ്കോട്ടയിൽ പതാക ഉയർത്തിയിട്ടില്ല).
- ചന്ദ്രശേഖറിന്റെ അന്ത്യവിശ്രമസ്ഥലം - **ജനനായകസ്ഥൽ**
- ചന്ദ്രശേഖറിന്റെ ആത്മകഥ - **മേരി ജയിൽ ഡയറി**

- 2026 ലെ ഐ.എം.എഫ് (IMF) റിപ്പോർട്ട് പ്രകാരം ലോകത്തെ ഏറ്റവും വലിയ സമ്പദ്വ്യവസ്ഥകളുടെ റാങ്കിംഗിൽ ഇന്ത്യയുടെ നിലവിലെ സ്ഥാനം

**6**

- 2026 ലെ IMF റിപ്പോർട്ട് പ്രകാരം യുകെ വീണ്ടും ഇന്ത്യയെ മറികടന്ന് അഞ്ചാം സ്ഥാനത്തേക്ക് കയറി.

## Space

- ഇന്ത്യ പോസ്റ്റ് 2026 ഏപ്രിലിൽ ആക്സിയം മിഷന്റെ സ്മരണിക സ്റ്റാമ്പ് പുറത്തിറക്കി
    - ഐ.എസ്.ആർ.ഒ (ISRO) ചെയർമാൻ ഡോ. വി. നാരായണനും ശുഭാൻഷു ശുക്ലയും ചേർന്നാണ് ഈ സ്റ്റാമ്പ് പ്രകാശനം ചെയ്തത്
    - 2025 ജൂൺ 25നാണ് ആക്സിയം ദൗത്യം വിക്ഷേപിച്ചത്
    - ഈ ദൗത്യത്തിന്റെ ഭാഗമായ ശുഭാൻഷു ശുക്ല അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിയ ആദ്യ ഇന്ത്യക്കാരനായി

## Sports

- 2026 FIDE കാൻഡിഡേറ്റ് ചെസ്സ് കിരീടം നേടിയത്

**Javokhir Sindarov** ( ഉസ്ബെക്കിസ്താൻ)

- വേദി - **സൈപ്രസിലെ പെജിയ**
- ഇതോടെ വരാനിരിക്കുന്ന ലോക ചെസ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ത്യയുടെ ഡി. ഗുകേഷിനെ നേരിടാൻ സിന്ദ്രോവ് യോഗ്യത നേടി.
- 2026 ലെ ഫിഡെ (FIDE) വനിതാ കാൻഡിഡേറ്റ്സ് ടൂർണമെന്റിൽ ആർ.വൈശാലിക്ക് കിരീടം
- ഇതോടെ ഈ വർഷാവസാനം നടക്കുന്ന ലോക ചാമ്പ്യൻഷിപ്പ് പോരാട്ടത്തിൽ നിലവിലെ ചാംപ്യനായ ചൈനയുടെ ജു വെൻജുനെ നേരിടാൻ വൈശാലി യോഗ്യത നേടി.

- 2026 ഏപ്രിലിൽ വിരമിക്കൽ പ്രഖ്യാപിച്ച ഡാനിഷ് ബാഡ്മിന്റൺ താരം

**വിക്ടർ അക്സെൽസൺ**

  - ടോക്യോ (2020), പാരീസ് (2024) ഒളിമ്പിക്സുകളിലെ ബാഡ്മിന്റൺ പുരുഷ സിംഗിൾസ് സ്വർണ്ണ മെഡൽ ജേതാവാണ് (2016 റിയോ ഡി ജനീറോ ഒളിംപിക്സിൽ വെങ്കലവും നേടി )
  - 2017, 2022 വർഷങ്ങളിലെ ലോക കിരീടങ്ങളും അദ്ദേഹം നേടിയിരുന്നു

## Demise

- 2026 ഏപ്രിൽ അന്തരിച്ച ബ്രസീലിയൻ ബാസ്ക്കറ്റ്ബോൾ ഇതിഹാസം

**Oscar Schmidt**

  - ബ്രസീൽ ജനതയുടെ പ്രിയപ്പെട്ട 'വിശുദ്ധ കൈ' എന്നറിയപ്പെട്ടിരുന്നു
  - ഒളിംപിക്സിലും ലോകകപ്പിലും ഏറ്റവും കൂടുതൽ പോയിന്റുകൾ നേടിയ താരം

## Today's MCQ

1. 2026 ഏപ്രിലിൽ സെബിയുടെ മുഴുവൻ സമയ അംഗമായി നിയമിതനായത്

   (a) അമർജിത് സിംഗ് (b) കമലേഷ് ചന്ദ്ര വർഷ്ണി

   (c) കെ.വി. രമണ മൂർത്തി (d) സന്ദീപ് പ്രധാൻ

2. ഇന്ത്യയിലെ ആദ്യത്തെ സെമികണ്ടക്ടർ സ്പെഷ്യൽ ഇക്കണോമിക് സോൺ സ്ഥാപിക്കപ്പെടുന്നത്

   (a) ധൊലേര (b) ജാംനഗർ

   (c) അലഹബാദ് (d) മുംബൈ

**Ans : 1. (c), 2. (a)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
20-21



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 20, 21 APRIL 2026

## Appointment

- 2026 ഏപ്രിലിൽ കരസേനയുടെ ലഖ്നൗ ആസ്ഥാനമായ സെൻട്രൽ കമാൻഡ് ചീഫ് ഓഫ് സ്റ്റാഫായി ചുമതലയേറ്റത്

  **സി. ജെ ജയചന്ദ്രൻ**

  - കാർഗിൽ യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്

- 2026 ഏപ്രിലിൽ രാജ്യസഭാ സെക്രട്ടറിയായി ചുമതലയേറ്റത്

  **കെ.എസ്. സോമശേഖർ**

  - ഹരിവംശ് നാരായൺ സിംഗ് രാജ്യസഭാ ഡെപ്യൂട്ടി ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു

- ഇന്ത്യൻ ക്രിക്കറ്റ് സീനിയർ സെലക്ഷൻ കമ്മിറ്റിയുടെ ചെയർമാൻ

  **അജിത് അഗാർക്കർ**

  - ബി.സി.സി.ഐ അദ്ദേഹത്തിന്റെ കരാർ ഒരു വർഷത്തേക്ക് കൂടി നീട്ടി
  - 2027 ജൂൺ വരെ അജിത് അഗാർക്കർ ഇന്ത്യൻ ക്രിക്കറ്റ് സീനിയർ സെലക്ഷൻ കമ്മിറ്റിയുടെ ചെയർമാനായി തുടരും

## National

- 2026 ഫെമിന മിസ് ഇന്ത്യ കിരീടം നേടിയത്

  **സാധ്വി സതീഷ് സെയിൽ** (ഗോവ)

  - 61-ാമത് പതിപ്പാണിത്
  - വേദി - **ഭുവനേശ്വർ** (ഒഡീഷ)

- 2026 ഏപ്രിലിലെ ബ്ലൂംബെർഗ് ശതകോടീശ്വര സൂചിക റിപ്പോർട്ട് പ്രകാരം മുകേഷ് അംബാനിയെ മറികടന്ന് ഏഷ്യയിലെ ഏറ്റവും വലിയ കോടീശ്വരനായി മാറിയത്

  **ഗൗതം അദാനി**

  - റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനിയെ മറികടന്ന് അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനി ഇന്ത്യയിലെയും ഏഷ്യയിലെയും ഏറ്റവും വലിയ കോടീശ്വരനായി മാറി.

- ദക്ഷിണാഫ്രിക്കയിൽ നിന്ന് 2026 ഏപ്രിലിൽ ഇന്ത്യയിലെത്തിച്ച 4 ചീറ്റകളെ പാർപ്പിച്ച സുവോളജിക്കൽ പാർക്ക്

  **ബെന്നാർഘട്ട ബയോളജിക്കൽ പാർക്ക്** (കർണാടക)

  - പ്രൊജക്റ്റ് ചീറ്റ ആരംഭിച്ചത് - **2022 സെപ്റ്റംബർ 17**
  - ഏറ്റവും കൂടുതൽ ചീറ്റകളുള്ള രാജ്യം - **നമീബിയ**

- അടുത്തിടെ ഹോർമുസ് കടലിടുക്കിൽ വച്ച് ആക്രമിക്കപ്പെട്ട ഇന്ത്യൻ കപ്പൽ

  **Sanmar Herald**

- ഗംഗ എക്സ്പ്രസ്സ്‌വേ സ്ഥിതിചെയ്യുന്നത്

  **ഉത്തർപ്രദേശ്**

  - 2026 ഏപ്രിലിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും

## International

- ലോകത്തിലെ ആദ്യത്തെ എയർ ടാക്സി സ്റ്റേഷൻ നിലവിൽ വന്നത്

  **ദുബായ്** (യു.എ.ഇ.)

  - യാത്രാ സമയം കുറയ്ക്കുന്നതിനും ഭാവിയിലെ വ്യോമഗതാഗതം ഉപയോഗിച്ച് നഗര മൊബിലിറ്റി പുനർനിർമ്മിക്കുന്നതിനും ലക്ഷ്യമിട്ട് ദുബായ് വിമാനത്താവളത്തിന് സമീപം ആദ്യത്തെ എയർ ടാക്സി സ്റ്റേഷൻ (Dubai International Vertiport) തുറന്നു

## Sports

- ഫിഡെ വേൾഡ് റാപ്പിഡ് അണ്ടർ 12 ഗേൾസ് ചാമ്പ്യനായത്

  **എ.എസ്. ഷർവാനിക**

  - ഷർവാനികയുടെ രണ്ടാമത്തെ വേൾഡ് റാപ്പിഡ് കിരീടമാണിത് . ഇതിനുമുമ്പ് അണ്ടർ 10 വിഭാഗത്തിൽ സ്വർണ്ണം നേടിയിട്ടുണ്ട്

## Demise

- 2026 ഏപ്രിലിൽ അന്തരിച്ച ഫ്രഞ്ച്, ഹോളിവുഡ് ചലച്ചിത്ര നടി

  **Nathalie Baye**

  - 'Catch Me If You Can' ഏറ്റവും പ്രശസ്തമായ ചിത്രം

## Today's MCQ

1. ഇൻസ്റ്റാഗ്രാമിൽ ഏറ്റവും കൂടുതൽ ഫോളോവേഴ്സുള്ള മലയാളി

   a) കീർത്തി സുരേഷ് b) സഞ്ജു സാംസൺ

   c) മമ്മൂട്ടി d) മോഹൻലാൽ

2. 'യാന ഗുഹകൾ' സ്ഥിതി ചെയ്യുന്ന സംസ്ഥാനം

   a) ഉത്തർപ്രദേശ് b) മധ്യപ്രദേശ്

   c) തമിഴ്നാട് d) കർണാടക

**Ans : 1. (b), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
22




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 22 APRIL 2026

## Appointment

- യൂറോപ്യൻ ബിഗ് ഫൈവ് ലീഗുകളിലെ ആദ്യ വനിതാ പരിശീലക

  **മാരി ലൂയീസ് എറ്റ**

  - ജർമൻ ബുണ്ടസ്‌ലിഗ ക്ലബ്ബായ യൂണിയൻ ബെർലിൻ പരിശീലകയാണ് മാരി ലൂയീസ് എറ്റ

- കാർസ് 24 ന്റെ ദേശീയ റോഡ് സുരക്ഷാ സംരംഭമായ ക്രാഷ്ഫ്രീ ഇന്ത്യയുടെ ഗുഡ്‌വിൽ അംബാസഡർ

  **എം.എസ്. ധോണി**

  - 2040 ആകുമ്പോഴേക്കും ഇന്ത്യയിൽ റോഡപകട മരണങ്ങൾ പൂജ്യം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഗുരുഗ്രാം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സംഘടനയാണ് ക്രാഷ്ഫ്രീ ഇന്ത്യ.
  - ഭീം പേയ്മെന്റ്സ് ആപ്പിന്റെ (BHIM Payments App) ബ്രാൻഡ് അംബാസഡറായി അടുത്തിടെ M S ധോണി നിയമിതനായിരുന്നു

## Book and Author

- അടുത്തിടെ കണ്ടെത്തപ്പെട്ട, സ്പാനിഷ് കവിയായ ഫെഡറിക്കോ ഗാർസിയ ലോർക്കയുടെ അപ്രകാശിത കവിത

  **ഘടികാരം പാടുന്നു**

  - 1936 ൽ മൺമറഞ്ഞ സ്പാനിഷ് കവിയും നാടകകൃത്തുമാണ് ഫെഡറിക്കോ ഗാർസിയ ലോർക്ക

## Kerala

- സംസ്ഥാനത്തെ അനധികൃത മണ്ണെടുപ്പും ഖനനവും തടയുന്നതിനായി കേരള വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ആരംഭിച്ച പരിശോധന

  **ഓപ്പറേഷൻ എർത്ത് ഗാർഡ്**

## National

- ഇന്ത്യയിലെ ആദ്യത്തെ പെട്രോഗ്ലിഫ് കൺസർവേഷൻ പാർക്ക് സ്ഥാപിതമാകുന്നത്

  **ലഡാക്ക്**

  - ലേയിലെ സിന്ധു നദിയുടെ തീരത്തുള്ള 'സിന്ധു ഘട്ടിലാണ്' ഈ പാർക്ക് ഒരുങ്ങുന്നത്.
  - ചരിത്രാതീത കാലത്തെ മനുഷ്യർ പാറകളിൽ കൊത്തിയുണ്ടാക്കിയ ചിത്രങ്ങളെയും ലിപികളെയുമാണ് പെട്രോഗ്ലിഫ് എന്ന് വിളിക്കുന്നത്.

- ഇന്ത്യയിലെ ആദ്യത്തെ 'വാട്ടർ ന്യൂട്രൽ' റെയിൽവേ ഡിപ്പോ

  **കങ്കാരിയ കോച്ചിംഗ് ഡിപ്പോ** (അഹമ്മദാബാദ് )

  - ട്രെയിൻ കോച്ചുകൾ കഴുകുന്നതിനും മറ്റ് അറ്റകുറ്റപ്പണികൾക്കുമായി ഉപയോഗിക്കുന്ന വെള്ളം പാഴാക്കിക്കളയാതെ, അത് പൂർണ്ണമായും ശുദ്ധീകരിച്ച് വീണ്ടും ഉപയോഗിക്കുന്നു. ഇതിലൂടെ പുറത്തുനിന്നുള്ള ശുദ്ധജലത്തെ ആശ്രയിക്കുന്നത് ഏതാണ്ട് ഒഴിവാക്കാൻ സാധിക്കുന്നു.

- സമുദ്രതീരങ്ങളിലെ സമുദ്രതാപതരംഗങ്ങളെ കുറിച്ച് പഠിക്കാനും മുന്നറിയിപ്പുകൾ നൽകാനുമായി കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന് കീഴിലുള്ള 'ഇൻകോയ്സ്' (INCOIS) ആരംഭിച്ച സംവിധാനം

  **മഹാസ്** (MHAS - Marine Heat Wave Advisory Services)

  - കേരള തീരത്ത്, പ്രത്യേകിച്ച് തെക്കുകിഴക്കൻ അറബിക്കടലിൽ കടൽവെള്ളത്തിന്റെ ചൂട് അസാധാരണമായി വർധിക്കുന്ന പ്രതിഭാസം (സമുദ്രതാപതരംഗം) ഇൻകോയ്സ് കണ്ടെത്തി.
  - സമുദ്രത്തിന്റെ ഉപരിതല താപനില (Sea Surface Temperature - SST) ആ പ്രദേശത്തെ സാധാരണ താപനിലയേക്കാൾ വളരെ കൂടുതൽ ദിവസങ്ങളോ മാസങ്ങളോ തുടരുന്ന അവസ്ഥയാണ് സമുദ്രതാപതരംഗം

## International

- റെലോസ് (RELOS - Reciprocal Exchange of Logistics Support) കരാറിൽ ഒപ്പുവച്ച രാജ്യങ്ങൾ

  **ഇന്ത്യ, റഷ്യ**

  - ഇന്ത്യയും റഷ്യയും തമ്മിൽ സൈനിക താവളങ്ങൾ, സൈന്യം, യുദ്ധക്കപ്പലുകൾ, സൈനിക വിമാനങ്ങൾ പരസ്പരം ഉപയോഗിക്കുന്നതിനായി ഒപ്പുവെച്ച സുപ്രധാന കരാറാണിത്

- 2026 ഏപ്രിലിൽ 7.7 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം ഉണ്ടായ രാജ്യം

  **ജപ്പാൻ**

  - ഭൂകമ്പത്തെത്തുടർന്ന് 'മെഗാക്വേക്ക്' ജാഗ്രതാനിർദ്ദേശം പുറപ്പെടുവിക്കുക ഉണ്ടായി
  - 8 അല്ലെങ്കിൽ അതിൽ കൂടുതൽ റിക്ടർ സ്കെയിൽ തീവ്രതയിലുണ്ടാകുന്ന ശക്തമായ ഭൂകമ്പങ്ങളാണ് മെഗാക്വേക്ക്

## Space

- യൂറോപ്യൻ സ്പേസ് ഏജൻസി അയക്കുന്ന 'റോസലിൻഡ് ഫ്രാങ്ക്ളിൻ' റോവർ വിക്ഷേപിക്കാൻ നാസ തിരഞ്ഞെടുത്ത സ്വകാര്യ ബഹിരാകാശ കമ്പനി

  **സ്പേസ് എക്സ്**

  - 2028 ൽ വിക്ഷേപിക്കാൻ ഉദ്ദേശിക്കുന്ന ഈ ദൗത്യത്തിന്റെ ലക്ഷ്യം ചൊവ്വയിൽ എപ്പോഴെങ്കിലും ജീവൻ നിലനിന്നിരുന്നോ എന്ന് കണ്ടെത്തുക എന്നതാണ്
  - ഫാൽക്കൺ ഹെവി (Falcon Heavy) ഉപയോഗിച്ചാണ് ഈ റോവർ വിക്ഷേപിക്കുന്നത്.
  - ചൊവ്വയിലെ 'ഓക്സിയ പ്ലാനം' എന്ന പ്രദേശത്താണ് റോവർ ഇറങ്ങുക.
  - ഡി.എൻ.എ. യുടെ ഘടനയുമായി ബന്ധപ്പെട്ട നിർണായക കണ്ടുപിടിത്തങ്ങളിൽ പങ്കുവഹിച്ച പ്രശസ്തയായ ബ്രിട്ടീഷ് കെമിസ്റ്റാണ് റോസലിൻഡ് ഫ്രാങ്ക്ളിനോടുള്ള ആദരവായാണ് റോവറിന് ഈ പേര് നൽകിയത്.

## Sports

- 2026 ൽ സ്പാനിഷ് ഫുട്ബോൾ ടൂർണമെന്റായ കോപ്പ ഡെൽ റെ കിരീടം സ്വന്തമാക്കിയ ടീം

  **റയൽ സോസിഡാഡ്**

  - ഫൈനലിൽ അത്‌ലറ്റിക്കോ മാൻഡ്രിഡിനെ പരാജയപ്പെടുത്തി

## Demise

- 2026 ഏപ്രിലിൽ അന്തരിച്ച വിഖ്യാത ബ്രിട്ടീഷ് ജന്തുശാസ്ത്രജ്ഞനും എഴുത്തുകാരനുമായ വ്യക്തി

  **ഡെസ്മണ്ട് മോറിസ്**

  - ദി നേക്കഡ് ഏപ് ഇദ്ദേഹത്തിന്റെ പ്രധാന രചനയാണ്

## Today's MCQ

1. 2026 ഏപ്രിലിൽ കരസേനയുടെ ലഖ്നൗ ആസ്ഥാനമായ സെൻട്രൽ കമാൻഡ് ചീഫ് ഓഫ് സ്റ്റാഫായി ചുമതലയേറ്റത്

   a) സി. ജെ ജയചന്ദ്രൻ　　b) നവീൻ സച്ച്ദേവ

   c) രാജ സുബ്രമണി　　d) അനിന്ത്യ സെൻഗുപ്ത

2. 2026 ഏപ്രിലിൽ രാജ്യസഭാ സെക്രട്ടറിയായി ചുമതലയേറ്റത്

   a) ഓം ബിർല　　b) പി.സി. മോദി

   c) ദേശ് ദീപക് വർമ്മ　　d) കെ.എസ്. സോമശേഖർ

**Ans : 1. (a), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
23



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 23 APRIL 2026

## Appointment

- 2026 ൽ ബംഗ്ലാദേശിലെ ഇന്ത്യൻ ഹൈക്കമ്മീഷണറായി നിയമിതനാകുന്നത്

**ദിനേശ് ത്രിവേദി**

  - ബംഗ്ലാദേശിന്റെ പ്രധാനമന്ത്രി - **താരിഖ് റഹ്മാൻ**

- ആപ്പിളിന്റെ പുതിയ സി.ഇ.ഒ. ആയി നിയമിതനാകുന്നത്

**ജോൺ ടെർനസ്**

  - ടിം കുക്ക് സ്ഥാനമൊഴിയുന്നതിനെ തുടർന്നാണ് നിയമനം

## Awards

- 2026-ലെ ഗോൾഡ്മാൻ പരിസ്ഥിതി സമ്മാനം

**സാറാ ഫിഞ്ച്** (ഇംഗ്ലണ്ട്)

**അലന്ന അകാഖ് ഹർലി** (യു.എസ്.)

**ബോറിം കിം** (ദക്ഷിണ കൊറിയ)

**യുവേലിസ് മൊറാലെസ് ബ്ലാങ്കോ** (കൊളംബിയ)

**തിയോനില റോക്ക മാറ്റ്ബോബ്** (പാപുവ ന്യൂ ഗിനിയ)

**ഇറോറോ തൻഷി** (നൈജീരിയ)

  - ഈ പുരസ്കാരം ഗ്രീൻ നൊബേൽ എന്നറിയപ്പെടുന്നു.
  - പരിസ്ഥിതി സംരക്ഷണത്തിനായി താഴെത്തട്ടിൽ പ്രവർത്തിക്കുന്ന വ്യക്തികളെ ആദരിക്കാനാണ് ഈ പുരസ്കാരം നൽകുന്നത്.

- **Laureus World Sports awards 2026**
  - Laureus World Sportsman of the Year Award - **Carlos Alcaraz** (സ്പാനിഷ്, ടെന്നീസ് താരം)
  - Laureus World Sportswoman of the Year Award - **Aryna Sabalenka** (ടെന്നീസ് താരം, ബലാറസ്)
  - Laureus World Team of the Year Award - **Paris Saint Germain** (PSG)

  (2025 ലോകകപ്പ് നേടിയ ഇന്ത്യൻ വനിത ടീം ഈ കാറ്റഗറിയിൽ നോമിനേറ്റ് ചെയ്യപ്പെട്ടിരുന്നു.)

  - Laureus World Breakthrough of the Year Award - **Lando Norris** (മോട്ടോർ റേസിംഗ്, യു.കെ.)
  - Laureus World Comeback of the Year Award - **Rory McIlroy** (ഗോൾഫ്, യു.കെ)

- Laureus World Sportsperson of the Year with a Disability Award - **Gabriel Araújo** (പാരാസ്വിമ്മിംഗ്, ബ്രസീൽ)
- Laureus World Young Sportsperson of the Year Award - **Lamine Yamal** (ഫുട്ബോൾ, സ്പെയിൻ) (ആദ്യമായി ഈ അവാർഡ് ഉൾപ്പെടുത്തി.)
- Laureus Lifetime Achievement Award - **Nadia Comaneci** (ജിംനാസ്റ്റിക്സ്, റൊമാനിയ)

◆ 2024–25 ലെ പ്രൊഫ. എം.എസ്. സ്വാമിനാഥൻ അവാർഡിന് അർഹനായത്

**സി.എച്ച്. ശ്രീനിവാസ റാവു**

- ഇന്ത്യയുടെ ഭക്ഷ്യസുരക്ഷ ശക്തിപ്പെടുത്തുന്നതിന് കാർഷിക ശാസ്ത്രജ്ഞർ നൽകിയ മികച്ച സംഭാവനകളെ അടിസ്ഥാനമാക്കിയാണ് പുരസ്കാരം നൽകുന്നത്
- ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവ് - **എം.എസ്. സ്വാമിനാഥൻ**
- ജനനം - **1925 ഓഗസ്റ്റ് 7**
- മരണം - **2023 സെപ്റ്റംബർ 28**
- 2025ൽ അദ്ദേഹത്തിന്റെ ജന്മശതാബ്തി ആചരിക്കുന്നു.

## Kerala

◆ അടുത്തിടെ ശസ്ത്രക്രിയാ സുരക്ഷാ പ്രോട്ടോക്കോൾ പുറത്തിറക്കിയ സംസ്ഥാനം

**കേരളം**

- സംസ്ഥാനത്ത് അടുത്തിടെയുണ്ടായ ശസ്ത്രക്രിയാ അപകടങ്ങൾ കണക്കിലെടുത്ത്, കേരള സർക്കാർ പരിഷ്കരിച്ച ശസ്ത്രക്രിയാ പ്രോട്ടോക്കോൾ പട്ടിക അവതരിപ്പിച്ചുകൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിച്ചു.
- ലോകാരോഗ്യ സംഘടനയുടെ ശസ്ത്രക്രിയാ സുരക്ഷാ ചെക്ക്ലിസ്റ്റിനെ അടിസ്ഥാനമാക്കിയാണ് സ്ഥാപിച്ചിരിക്കുന്നത്.

## National

◆ പഹൽഗാം ഭീകരാക്രമണത്തിന് ഒരു വർഷം

- 2025 ഏപ്രിൽ 22-നാണ് ജമ്മു കശ്മീരിലെ പഹൽഗാമിലെ ബൈസരനിൽ വിനോദസഞ്ചാരികൾക്ക് നേരെ ഭീകരാക്രമണം നടന്നത്
- പഹൽഗാം ഭീകരാക്രമണത്തിനു മറുപടിയായി പാക്കിസ്ഥാനിലും പാക്ക് അധിനിവേശ കശ്മീരിലുമായി ഒൻപതിടങ്ങളിൽ ഇന്ത്യ നടത്തിയ മിസൈൽ ആക്രമണം ഓപ്പറേഷൻ സിന്ദൂർ
- 2025 മെയ് 7നാണ് ഓപ്പറേഷൻ സിന്ദൂർ നടന്നത്
- പഹൽഗാം ആക്രമണത്തിൽ ഉൾപ്പെട്ട ഭീകരരെ തുടച്ചുനീക്കുന്നതിനായി ഇന്ത്യ ഓപ്പറേഷൻ മഹാദേവ് ആരംഭിച്ചു

- ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകളുടെ ഭീഷണി നേരിടുന്നതിനായി ആളുകൾക്ക് ലഭിക്കുന്ന നോട്ടീസുകളുടെ ആധികാരികത പരിശോധിക്കാൻ സഹായിക്കുന്ന, സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ പുറത്തിറക്കുന്ന കൃത്രിമ ബുദ്ധി അധിഷ്ഠിത ചാറ്റ്ബോട്ട്

**അഭയ്**

- ഒരേസമയം ആഫ്രിക്കൻ ചീറ്റയെയും, കടുവ, പുള്ളിപ്പുലി എന്നിവയെയും കണ്ടെത്തിയതിലൂടെ വാർത്തകളിൽ ഇടംനേടിയ രാജസ്ഥാനിലെ ടൈഗർ റിസർവ്

**രൺഥംബോർ ടൈഗർ റിസർവ്**

  - രാജസ്ഥാനിലെ രൺഥംബോർ ടൈഗർ റിസർവിലെ സോൺ 9ൽ ഒരു കടുവ, പുള്ളിപ്പുലി, ആഫ്രിക്കൻ ചീറ്റ എന്നിവയെ ഒരേസമയം കണ്ടെത്തി. വിദഗ്ധർ ഇതിനെ 'അപൂർവ്വവും അസാധാരണവുമായ' സംഭവം എന്നാണ് വിശേഷിപ്പിക്കുന്നത്.

## International

- 2026 ലോക ഭൗമദിനം പ്രമേയം

**Our Power, Our Planet** (നമ്മുടെ ശക്തി, നമ്മുടെ ഭൂമി)

  - ലോക ഭൗമദിനം - **ഏപ്രിൽ 22**

## Sports

- ഇന്ത്യയുടെ 95-ാമത് ഗ്രാൻഡ്മാസ്റ്റർ

**അരോണ്യക് ഘോഷ്**

  - 2026 ലെ ബാങ്കോക്ക് ചെസ് ക്ലബ് ഓപ്പണിലെ മികച്ച പ്രകടനത്തിലൂടെ അരോണ്യക് ഘോഷ് ഇന്ത്യയുടെ 95-ാമത് ഗ്രാൻഡ്മാസ്റ്ററായി
  - ഇന്ത്യയുടെ 94-ാമത് ഗ്രാൻഡ്മാസ്റ്റർ മായങ്ക് ചക്രവർത്തി

## Today's MCQ

1. ഇന്ത്യയിലെ ആദ്യത്തെ പെട്രോഗ്ലിഫ് കൺസർവേഷൻ പാർക്ക് സ്ഥാപിതമാകുന്നത്

   a) പൂനെ b) ഡൽഹി

   c) കൊൽക്കത്ത d) ലഡാക്ക്

2. 2026 ഏപ്രിലിൽ 7.7 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം ഉണ്ടായ രാജ്യം

   a) ചൈന b) സിറിയ

   c) ജപ്പാൻ d) തായ്‌വാൻ

**Ans : 1. (d), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
24




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 24 APRIL 2026

## Appointment

- 2026 ഏപ്രിലിൽ മുണ്ടത്തിക്കോട് പടക്ക നിർമ്മാണ ശാലയിലുണ്ടായ സ്ഫോടനത്തെക്കുറിച്ച് അന്വേഷിക്കാൻ സർക്കാർ നിയോഗിച്ച ഏകാംഗ ജുഡീഷ്യൽ കമ്മീഷൻ

  **ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ**

  - 2026 ഏപ്രിൽ 21 നാണ് സ്ഫോടനം ഉണ്ടായത്

- 2026-ൽ കാൻസിലെ ക്രിട്ടിക്സ് വീക്ക് ജൂറി പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ സംവിധായിക

  **പായൽ കപാഡിയ**

  - 'ഓൾ വി ഇമാജിൻ ആസ് ലൈറ്റ്' എന്ന ചിത്രത്തിലൂടെ കാനിൽ ഗ്രാന്റ് പ്രിക്സ് പുരസ്കാരം നേടിയിട്ടുണ്ട്

- 'ഡെബിയൻ പ്രോജക്റ്റിന്റെ' ലീഡർ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട ആദ്യ മലയാളി വനിത

  **ശ്രുതി ചന്ദ്രൻ**

  - ലോകപ്രശസ്തമായ സ്വതന്ത്ര സോഫ്റ്റ്‌വെയർ കൂട്ടായ്മയാണ് 'ഡെബിയൻ പ്രോജക്റ്റ്'
  - ഈ നേട്ടം കൈവരിച്ച ആദ്യത്തെ വനിതയും ആദ്യത്തെ ഏഷ്യക്കാരിയുമാണ്

## Awards

- 2026 ലെ പത്മപ്രഭ പുരസ്കാരം നേടിയത്

  **ആർ. രാജശ്രീ**

  - 2025 - **ആലങ്കോട് ലീലാകൃഷ്ണൻ**
  - 2024 - **റഫീഖ് അഹമ്മദ്**
  - 2023 - **സുഭാഷ് ചന്ദ്രൻ**
  - സമ്മാനത്തുക - **75000** രൂപ

## Book and Author

- 'ദി ക്യൂരിയസ് ആൻഡ് ദി ക്ലാസിഫൈഡ്: അൺഎർത്തിംഗ് മിലിട്ടറി മിത്ത്സ് ആൻഡ് മിസ്റ്ററീസ്' എന്ന പുസ്തകത്തിന്റെ രചയിതാവ്

  **മനോജ് മുകുന്ദ് നരവനെ**

  - ഈ പുസ്തകത്തിൽ ഇന്ത്യൻ സായുധ സേനയിലെ അത്രയധികം അറിയപ്പെടാത്ത കാര്യങ്ങളെ കുറിച്ചാണ് പ്രതിപാദിക്കുന്നത്
  - ഇതുവരെ പുറത്തിറങ്ങാത്ത 'ഫോർ സ്റ്റാർസ് ഓഫ് ഡെസ്റ്റിനി' എന്ന പുസ്തകവും ഇദ്ദേഹത്തിന്റെതാണ്

## National

- ഇന്ത്യയിലെ 99-ാമത് റാംസർ സൈറ്റ്

**ശേഖ ഝീൽ പക്ഷിസങ്കേതം**

  - ഉത്തർപ്രദേശിലെ അലിഗഡ് ജില്ലയിലാണ് ശേഖാ ഝീൽ പക്ഷിസങ്കേതം സ്ഥിതി ചെയ്യുന്നത്.
  - കേന്ദ്ര പരിസ്ഥിതിവനം മന്ത്രി ഭൂപേന്ദർ യാദവാണ് ഈ പ്രഖ്യാപനം നടത്തിയത്.
  - ഈ പ്രഖ്യാപനത്തോടെ ഉത്തർപ്രദേശിലെ റാംസർ സൈറ്റുകളുടെ എണ്ണം 12 ആയി മാറി. (ഇന്ത്യയിൽ ഏറ്റവും കൂടുതൽ റാംസർ സൈറ്റുകളുള്ള സംസ്ഥാനം തമിഴ്നാടാണ് (20 എണ്ണം)).
  - ഏഷ്യൻ ഭൂഖണ്ഡത്തിൽ ഏറ്റവും കൂടുതൽ റാംസർ സൈറ്റുകളുള്ള രാജ്യം ഇന്ത്യയാണ്.
  - ആഗോളതലത്തിൽ ഏറ്റവും കൂടുതൽ റാംസർ സൈറ്റുകളുള്ള രാജ്യങ്ങളുടെ പട്ടികയിൽ, യുകെ , മെക്സിക്കോ എന്നീ രാജ്യങ്ങൾക്ക് പിന്നിലായി ഇന്ത്യ (99) മൂന്നാം സ്ഥാനത്താണ്.

- ഓൺലൈൻ ഗെയിമിംഗ് അതോറിറ്റി ഓഫ് ഇന്ത്യ (OGAI) 2026 മെയ് 1 മുതൽ രാജ്യത്ത് പ്രാബല്യത്തിൽ വരും

  - പ്രൊമോഷൻ ആൻഡ് റെഗുലേഷൻ ഓഫ് ഓൺലൈൻ ഗെയിമിംഗ് ആക്ട്, 2025 അടിസ്ഥാനമാക്കിയാണ് ഇത് രൂപീകരിച്ചത്
  - ഓൺലൈൻ ഗെയിമിംഗ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (OGAI) ആസ്ഥാനം - **ന്യൂഡൽഹി**
  - കേന്ദ്ര ഐടി മന്ത്രാലയത്തിന്റെ കീഴിലുള്ള ഒരു ഡിജിറ്റൽ ഓഫീസായിട്ടാണ് ഓൺലൈൻ ഗെയിമിംഗ് അതോറിറ്റി ഓഫ് ഇന്ത്യ പ്രവർത്തിക്കുന്നത്
  - അതോറിറ്റിയുടെ ചെയർപേഴ്സൺ മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറി ആയിരിക്കും
  - രാജ്യത്തെ ഓൺലൈൻ ഗെയിമുകൾ, ഇ-സ്പോർട്സ് പ്ലാറ്റ്ഫോമുകൾ എന്നിവയെ തരംതിരിക്കുക, അവയ്ക്ക് അംഗീകാരം നൽകുക, സാമ്പത്തിക ഇടപാടുകളും പരസ്യങ്ങളും നിയന്ത്രിക്കുക എന്നിവയാണ് പ്രധാന ചുമതലകൾ.
  - പുതിയ നിയമപ്രകാരം, പണമിടപാട് ഉൾപ്പെടുന്നതും സാമ്പത്തിക നേട്ടങ്ങൾ വാഗ്ദാനം ചെയ്യുന്നതുമായ ഗെയിമുകൾക്ക് (Real Money Games) കടുത്ത നിയന്ത്രണങ്ങളും വിലക്കുകളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ഗെയിമുകൾക്ക് ഇനി നിയമപരമായ രജിസ്ട്രേഷൻ ലഭിക്കില്ല.
  - പ്രൊമോഷൻ ആൻഡ് റെഗുലേഷൻ ഓഫ് ഓൺലൈൻ ഗെയിമിംഗ് ബില്ല് , 2025 ലോക് സഭയിൽ അവതരിപ്പിച്ചത് - **2025 ഓഗസ്റ്റ് 20** ( അശ്വിനി വൈഷ്ണവ് അവതരിപ്പിച്ചു )
  - ഓഗസ്റ്റ് 20 ന് ലോക്സഭയും 21 ന് രാജ്യസഭയും പാസ്സാക്കി
  - രാഷ്ട്രപതി ഒപ്പ് വച്ചത് - **2025 ഓഗസ്റ്റ് 22**

- ഇന്ത്യൻ കൈത്തറി ഉൽപ്പന്നങ്ങളെയും നെയ്ത്തുവിദ്യകളെയും ആഗോളതലത്തിൽ അവതരിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി അടുത്തിടെ കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയം ആരംഭിച്ച പദ്ധതി

**വിശ്വ സൂത്ര**

- നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുമായി (NIFT) സഹകരിച്ചാണ് ഈ പദ്ധതി രൂപകല്പന ചെയ്തത്.
- ഇന്ത്യയിലെ വ്യത്യസ്ത കൈത്തറി വസ്ത്രങ്ങളെ ലോകത്തെ വ്യത്യസ്ത രാജ്യങ്ങളുടെ സാംസ്കാരിക ഡിസൈനുകളുമായി സംയോജിപ്പിച്ച് അവതരിപ്പിക്കുന്നു എന്നതാണ് ഇതിന്റെ പ്രധാന സവിശേഷത
- കേന്ദ്ര ടെക്സ്റ്റൈൽസ് വകുപ്പ് മന്ത്രി - **ഗിരിരാജ് സിംഗ്**

## International

- അടുത്തിടെ ടൊബാക്കോ ആൻഡ് വേപ്പ്സ് ബിൽ പാസാക്കിയ രാജ്യം

**യുണൈറ്റഡ് കിങ്ഡം** (UK)

- 'സ്മോക്ക്ഫ്രീ ജനറേഷൻ' (Smoke-Free Generation) നിയമം എന്നും ഇതറിയപ്പെടുന്നു
- വരും തലമുറകളെ പുകവലിയിൽ നിന്ന് പൂർണ്ണമായി അകറ്റിനിർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഇത് അവതരിപ്പിച്ചത്
- 2009 ജനുവരി 1 നോ അതിനുശേഷമോ ജനിച്ച ഒരാൾക്കും യുകെയിൽ ഭാവിയിൽ നിയമപരമായി സിഗരറ്റോ മറ്റ് പുകയില ഉൽപ്പന്നങ്ങളോ വാങ്ങാൻ കഴിയില്ല. അതായത്, സിഗരറ്റ് വാങ്ങുന്നത നിയമപരമായ പ്രായപരിധി ഓരോ വർഷവും ഒരു വർഷം വീതം വർദ്ധിപ്പിച്ചുകൊണ്ടിരിക്കും.
- ന്യൂസിലാൻഡ് ആണ് ആദ്യമായി സ്മോക്ക്ഫ്രീ ജനറേഷൻ നിയമം അവതരിപ്പിച്ചത് (എന്നാൽ ഭരണമാറ്റത്തെ തുടർന്ന് 2024ൽ അവർ ഈ നിയമം റദ്ദാക്കിയിരുന്നു).
- ലോക പുകയില വിരുദ്ധ ദിനം - **മെയ് 31**

- 2027 ലെ ലോക പുസ്തക തലസ്ഥാനം

**മെഡെലിൻ** (കൊളംബിയ)

- 2026 -**റാബത്** (മൊറോക്കോ)
- 2025 - **റിയോ ഡി ജനീറോ** (ബ്രസീൽ)
- ലോക പുസ്തക പകർപ്പവകാശ ദിനം - **ഏപ്രിൽ 23**

## Sports

- അന്താരാഷ്ട്ര T-20 ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ റൺസ് നേടിയ ഇന്ത്യൻ താരം

**സ്മൃതി മന്ഥാന**

## Demise

- 2026 ൽ അന്തരിച്ച മുൻ ആന്ധ്രാ പ്രദേശ് മുഖ്യമന്ത്രി

**എൻ. ഭാസ്കര റാവു**

  - ഒരു മാസം മാത്രമാണ് ഇദ്ദേഹം മുഖ്യമന്ത്രി പദവി വഹിച്ചത്

## Today's MCQ

1. ദിനേശ് ത്രിവേദി ഏത് രാജ്യത്തിന്റെ ഇന്ത്യൻ ഹൈകമ്മീഷണറായി ആണ് നിയമിതനാകുന്നത് ?

   a) മ്യാൻമർ　b) നേപ്പാൾ

   c) ബംഗ്ലാദേശ്　d) അഫ്ഗാനിസ്ഥാൻ

2. 2026 ലെ ഗോൾഡ്മാൻ പരിസ്ഥിതി സമ്മാനം നേടിയ സാറ ഫിഞ്ച് ഏത് രാജ്യക്കാരിയാണ് ?

   a) ഇംഗ്ലണ്ട്　b) യു.എസ്

   c) ദക്ഷിണ കൊറിയ　d) കൊളംബിയ

**Ans : 1. (c), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
25




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 25 APRIL 2026

## Appointment

- NASSCOM ന്റെ പുതിയ ചെയർമാനായി നിയമിതനായത്

  **Srikanth Velamakanni**

  - കിഷോർ പാട്ടീലിനെ പുതിയ വൈസ് ചെയർപേഴ്സണായി തിരഞ്ഞെടുത്തു
  - NASSCOM - **National Association of Software and Service Companies**

## Kerala

- കെ ഫോണിന് ഐ.എസ്.ഒ. അംഗീകാരം
  - കുറഞ്ഞ ചെലവിൽ അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കുന്ന സംസ്ഥാന സർക്കാരിന്റെ പദ്ധതിയാണ് കെ ഫോൺ
  - കെ ഫോൺ ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റത്തിനാണ് ഐഎസ്ഒ അംഗീകാരം ലഭിച്ചത്. 2029 ഏപ്രിൽ 21 വരെയാണ് സർട്ടിഫിക്കറ്റിന്റെ കാലാവധി.

## National

- ദേശീയ പഞ്ചായത്തിരാജ് ദിനം

  **ഏപ്രിൽ 24**

  - 73-ാമത് ഭരണഘടനാ ഭേദഗതി നിയമം പ്രാബല്യത്തിൽ വന്നത് - **ഏപ്രിൽ 24, 1993**
  - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയും ഗ്രാമീണ സ്ഥാപനങ്ങളെ ശാക്തീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഭേദഗതി നിലവിൽ വന്നത്

- 4-ാമത് ഇന്ത്യ-ആഫ്രിക്ക ഫോറം ഉച്ചകോടിയുടെ വേദി

  **ന്യൂഡൽഹി**

  - വികസനം, വ്യാപാരം, സുരക്ഷ, ഡിജിറ്റൽ വളർച്ച എന്നിവയുൾപ്പെടെ വിവിധ മേഖലകളിലെ ആഫ്രിക്കൻ രാജ്യങ്ങളുമായുള്ള സഹകരണം ശക്തിപ്പെടുത്തുന്നതാണ് ഉച്ചകോടിയുടെ ലക്ഷ്യം
  - വിദേശകാര്യ മന്ത്രി - **എസ്. ജയശങ്കർ**

- നാഷണൽ ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ നിർമിച്ച ഏറ്റവും പുതിയ മലയാള ചിത്രം

  **അച്ചപ്പാസ് ആൽബം**

  - നാഷണൽ ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സ്ഥാപിതമായത് - **1975**

- വ്യോമയാന ടർബൈൻ ഇന്ധനത്തിൽ എഥനോൾ കലർത്താൻ സർക്കാർ അനുമതി നൽകി.
  - സുസ്ഥിര വ്യോമയാന ഇന്ധനം പ്രോത്സാഹിപ്പിക്കുന്നതിനും ഇറക്കുമതി ചെയ്യുന്ന എണ്ണയെ ഇന്ത്യ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടാണ് ഈ നീക്കം.

- 2026 ഏപ്രിലിൽ ഇന്ത്യ സന്ദർശിച്ച ഓസ്ട്രിയൻ ചാൻസലർ

**ക്രിസ്റ്റ്യൻ സ്റ്റോക്കർ**

- ആദ്യമായാണ് ക്രിസ്റ്റ്യൻ സ്റ്റോക്കർ ഇന്ത്യ സന്ദർശിക്കുന്നത്
- ഇന്ത്യയും ഓസ്ട്രിയയും തമ്മിലുള്ള വളരുന്ന വ്യാപാര, നിക്ഷേപ ബന്ധങ്ങൾ വളർത്തുന്നതാണ് ലക്ഷ്യം

## International

- ലോകത്തിലെ ആദ്യത്തെ സ്ഥിര ആണവ മാലിന്യ സംഭരണ കേന്ദ്രം നിലവിൽ വന്നത്

**ഫിൻലാൻഡ്**

- ഫിൻലാൻഡിലെ ഓൾകിലുവോട്ടോ ദ്വീപിലാണ് സജ്ജമാകുന്നത്.
- ഉയർന്ന റേഡിയോ ആക്ടീവ് മാലിന്യങ്ങൾ സംഭരിക്കുന്നതിനായി രൂപകൽപ്പന ചെയ്ത ഒരു സ്ഥിരമായ ഭൂഗർഭ ശേഖരമാണിത്

## Science and Technology

- അടുത്തിടെ അസമിലെ ഒരു ഗ്രാമത്തിൽ നിന്ന് കണ്ടെത്തിയ പുതിയ ഇനം മത്സ്യം

**Gitchak nakana**

- ഇതൊരു ബ്ലൈൻഡ് ഫിഷ് ആണ്.
- മറ്റെല്ലാ അസ്ഥി മത്സ്യങ്ങളിൽ നിന്നും വ്യത്യസ്തമായി, അതിന്റെ തലച്ചോറിന്റെ മുകൾഭാഗം അസ്ഥിയല്ല, ചർമ്മം കൊണ്ട് മാത്രം മൂടപ്പെട്ടിരിക്കുന്നു.

## Space

- അടുത്തിടെ ചൊവ്വയിൽ നിന്ന് കൂടുതൽ ജൈവ തന്മാത്രകൾ കണ്ടെത്തിയ നാസയുടെ റോവർ

**ക്യൂരിയോസിറ്റി റോവർ**

- നാസയുടെ ക്യൂരിയോസിറ്റി റോവർ ചൊവ്വയിൽ രാസപരീക്ഷണം വിജയകരമായി പൂർത്തിയാക്കി.
- പരീക്ഷണത്തിൽ ജീവന്റെ അടിസ്ഥാന ഘടകങ്ങളായ കൂടുതൽ ജൈവകണങ്ങൾ കണ്ടെത്തിയതായി ശാസ്ത്രജ്ഞർ പറഞ്ഞു.
- 2020-ൽ ചൊവ്വയിലെ ഒരു പാറയിൽനിന്നും തുരന്നെടുത്ത സാംപിളുകൾ പരിശോധിച്ചതിൽ നിന്നാണ് ഈ സുപ്രധാന കണ്ടെത്തൽ.
- ചൊവ്വയിൽ നിന്ന് ഇതുവരെ ലഭിച്ചതിൽവെച്ച് ഏറ്റവും വൈവിധ്യമാർന്ന ജൈവ തന്മാത്രകളുടെ ശേഖരമാണിത്.
- ക്യൂരിയോസിറ്റി റോവർ വിക്ഷേപിച്ചത് - **2011 നവംബർ 26**
- ചൊവ്വയിൽ ഇറങ്ങിയത് - **2012 ഓഗസ്റ്റ് 6**

## Sports

- 2026 ഏഷ്യൻ ഗെയിംസിന്റെ ഔദ്യോഗിക ഭാഗ്യചിഹ്നം

**Honohon**

- ഇതൊരു ടൈഗർ ഫിഷാണ്
- വേദി - **Aichi-Nagoya** (ജപ്പാൻ)

**Today's MCQ**

1. 2026 ലെ പത്മപ്രഭ പുരസ്കാരം നേടിയത്

   a) ആർ. രാജശ്രീ
   b) ആലങ്കോട് ലീലാകൃഷ്ണൻ
   c) റഫീഖ് അഹമ്മദ്
   d) സുഭാഷ് ചന്ദ്രൻ

2. ശേഖ ഝീൽ പക്ഷിസങ്കേതം ഏത് സംസ്ഥാനത്തിലാണ് ?

   a) ഒഡീഷ
   b) മധ്യപ്രദേശ്
   c) ഉത്തർപ്രദേശ്
   d) ജാർഖണ്ഡ്


**Ans : 1. (a), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
26



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW
veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 26 APRIL 2026

## Appointment

- ഭാരതീയ നാഭികീയ വിദ്യുത് നിഗം ലിമിറ്റഡിന്റെ (BHAVINI ) പുതിയ ചെയർമാനും മാനേജിങ് ഡയറക്ടറുമായി നിയമിതനായ മലയാളി

**പി.എ. സുരേഷ് ബാബു**

  - ഇന്ത്യയുടെ തദ്ദേശീയമായ ഫാസ്റ്റ് ബ്രീഡർ റിയാക്ടറുകളുടെ നിർമ്മാണവും നടത്തിപ്പുമാണ് ഭാവിനിയുടെ പ്രധാന ലക്ഷ്യം.
  - കമ്പനീസ് ആക്ട് പ്രകാരം ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയായി 2003 ഒക്ടോബർ 22- ന് ഭാവിനി സ്ഥാപിതമായി

## Award

- 2026-ൽ പെൻസിൽവാനിയയിലുള്ള യു.എസ്. ആർമി വാർ കോളേജിന്റെ 'ഇന്റർനാഷണൽ ഹാൾ ഓഫ് ഫെയിമിൽ' ഇടംനേടിയ ഇന്ത്യൻ കരസേനാ മേധാവി

**ജനറൽ ഉപേന്ദ്ര ദ്വിവേദി**

  - ഈ ബഹുമതി ലഭിക്കുന്ന മൂന്നാമത്തെ ഇന്ത്യൻ കരസേനാ മേധാവിയാണ് ജനറൽ ദ്വിവേദി.
  - നേരത്തെ ജനറൽ വി.കെ. സിംഗ്, ജനറൽ ബിക്രം സിംഗ് എന്നിവരാണ് ഈ നേട്ടം കൈവരിച്ച മറ്റ് ഇന്ത്യൻ സേനാ മേധാവികൾ.
  - യു.എസ്. ആർമി വാർ കോളേജിലെ പൂർവ്വ വിദ്യാർത്ഥി കൂടിയാണ് ജനറൽ ഉപേന്ദ്ര ദ്വിവേദി

- 2026-ൽ ലത ദീനനാഥ് മങ്കേഷ്കർ അവാർഡിന് അർഹനായത്

**കൈലാഷ് സത്യാർത്ഥി**

  - ലതാ മങ്കേഷ്കറുടെ സ്മരണാർത്ഥം മങ്കേഷ്കർ കുടുംബവും ലതാ ദീനാനാഥ് മങ്കേഷ്കർ ചാരിറ്റബിൾ ട്രസ്റ്റും ചേർന്ന് 2022-ൽ ഏർപ്പെടുത്തിയ പുരസ്കാരമാണിത്
  - 2025-ലെ ജേതാവ് - **കുമാർ മംഗലം ബിർള**
  - 2022 - **നരേന്ദ്ര മോദി**

- മഹാകവി പി. കുഞ്ഞിരാമൻ നായരുടെ സ്മരണയ്ക്ക് കഥകളി രംഗത്തെ സമഗ്ര സംഭാവനയ്ക്ക് സമ്മാനിക്കുന്ന കളിയച്ഛൻ പുരസ്കാരത്തിന് 2026-ൽ അർഹനായത്

**കലാമണ്ഡലം മാടമ്പി സുബ്രഹ്മണ്യൻ നമ്പൂതിരി** (കഥകളി ഗായകൻ)

## National

- അടുത്തിടെ ഇംഗ്ലീഷിനൊപ്പം മേഘാലയയുടെ ഔദ്യോഗിക ഭാഷകളായി അംഗീകരിക്കപ്പെട്ട ഭാഷകൾ

**ഖാസി, ഖാരോ**

- പേ.ടി.എം. പെയ്മന്റ് ബാങ്കിന്റെ ലൈസൻസ് റിസർവ് ബാങ്ക് റദ്ദാക്കി
  - എന്നാൽ, പേ.ടി.എം. ആപ്പ് വഴിയുള്ള യു.പി.ഐ. ഇടപാടുകളെ ലൈസൻസ് റദ്ദാക്കിയത് ബാധിക്കില്ല.
  - 2017-ലാണ് പേ.ടി.എം. പെയ്മന്റ് ബാങ്ക് ആരംഭിച്ചത്
  - ആസ്ഥാനം - **നോയിഡ**
- രാഘവ് ഛദ്ദ , സന്ദീപ് പഥക്, അശോക് മിത്തൽ, സ്വാതി മലിവാൾ, ഹർഭജൻ സിങ് , വിക്രംജീത് സിങ് സാഹ്നി, രാജീന്ദർ ഗുപ്ത തുടങ്ങിയ രാജ്യസഭാ എം.പി. മാർ AAP പാർട്ടി വിട്ടു
  - ഇവിടെ 10 ൽ 7 പേർ എന്നത് മൂന്നിൽ രണ്ട് ഭാഗത്തിന് മുകളിലായതിനാൽ ഇവർക്ക് സ്ഥാനനഷ്ടം ഉണ്ടാകില്ല.
  - കൂറുമാറ്റ നിരോധന നിയമപ്രകാരം ഒരു ജനപ്രതിനിധി സ്വന്തം പാർട്ടി വിട്ട് മറ്റൊരു പാർട്ടിയിൽ ചേർന്നാൽ അയോഗ്യനാക്കപ്പെടും. എന്നാൽ, ഒരു പാർട്ടിയിലെ ജനപ്രതിനിധികളുടെ മൂന്നിൽ രണ്ട് ഭാഗം (2/3) ആളുകൾ ഒരുമിച്ച് മറ്റൊരു പാർട്ടിയിൽ ലയിക്കുകയോ മാറുകയോ ചെയ്താൽ, അവർക്ക് നിയമപരമായി അയോഗ്യത കൽപ്പിക്കാനാകില്ല.
  - നിയമം പ്രാബല്യത്തിൽ വന്നത് 1985-ൽ (രാജീവ് ഗാന്ധി സർക്കാരിന്റെ കാലത്ത്) (52-ാമത് ഭരണഘടനാ ഭേദഗതി)
  - 2003-ലെ 91-ാമത് ഭരണഘടനാ ഭേദഗതി പ്രകാരമാണ് അംഗങ്ങളുടെ എണ്ണം മൂന്നിലൊന്നിൽ (1/3) നിന്ന് മൂന്നിൽ രണ്ടായി (2/3) ഉയർത്തിയത്.
  - ലോക്സഭയിൽ സ്പീക്കറും, രാജ്യസഭയിൽ ചെയർമാനും, സംസ്ഥാന നിയമസഭകളിൽ അതാത് സ്പീക്കർമാരുമാണ് അയോഗ്യത സംബന്ധിച്ച അന്തിമ തീരുമാനം എടുക്കുന്നത്

## International

- 2026-ലെ ലോക മലേറിയ ദിനത്തിന്റെ പ്രമേയം

**Driven to End Malaria: Now We Can. Now We Must**

  - ഏപ്രിൽ 25 - **ലോക മലേറിയ ദിനം**

## Space

- ചൈനീസ് ശാസ്ത്രജ്ഞർ അടുത്തിടെ കണ്ടെത്തിയ പുതിയ ചാന്ദ്ര ധാതു

**സെറിയം മഗ്നീഷ്യം ചേഞ്ച്സൈറ്റ്**

  - ചൈനയിലെ തക്ലമക്കാൻ മരുഭൂമിയിൽ നിന്നും ലഭിച്ച പാകെപാകെ ചാന്ദ്ര ഉൽക്കാശിലയിൽ നിന്നാണ് ഇത് കണ്ടെത്തിയത്
- ചൈനയുടെ ബഹിരാകാശ നിലയമായ 'ടിയാൻഗോങ്ങിലേക്ക്' പോകാൻ തിരഞ്ഞെടുക്കപ്പെട്ട ആദ്യ വിദേശ ബഹിരാകാശ യാത്രികർ

**മുഹമ്മദ് സീഷാൻ അലി, ഖുറം ദാവൂദ്**

  - ഇരുവരും പാകിസ്ഥാൻ വ്യോമസേനയിലെ പൈലറ്റുമാരാണ്.

## Demise

- 2026 ഏപ്രിലിൽ അന്തരിച്ച പണ്ഡിതനും വർക്കല നാരായണഗുരുകുല അദ്ധ്യക്ഷനുമായ വ്യക്തി

**ഗുരു മുനി നാരായണപ്രസാദ്**

- 2024-ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു
- 'സൗന്ദര്യ ലഹരി' എന്ന വിവർത്തനത്തിനു 2015-ലെ കേരള സാഹിത്യ അക്കാദമി വിവർത്തന പുരസ്കാരം ലഭിച്ചു
- 'ആത്മായനം' എന്ന ആത്മകഥയിലൂടെ 2018-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു (ആത്മകഥ / ജീവചരിത്രം)

## Today's MCQ

1. 4-ാമത് ഇന്ത്യ-ആഫ്രിക്ക ഫോറം ഉച്ചകോടിയുടെ വേദി

   a) മുംബൈ b) പൂനെ

   c) ബംഗളൂരു d) ന്യൂഡൽഹി

2. 2026 ഏപ്രിലിൽ ഇന്ത്യ സന്ദർശിച്ച ക്രിസ്റ്റ്യൻ സ്റ്റോക്കർ ഏത് രാജ്യത്തിലെ ചാൻസലറാണ്

   a) ഓസ്ട്രിയ b) ഫ്രാൻസ്

   c) റഷ്യ d) ഇംഗ്ലണ്ട്

**Ans : 1. (d), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
27-28




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 27, 28 APRIL 2026

## Appointment

- നോയിഡ ഇന്റർനാഷണൽ എയർപോർട്ടിന്റെ പുതിയ ഇടക്കാല സി.ഇ.ഒ. ആയി നിയമിതയായത്

**Nitu Samra**

- നീതി ആയോഗിന്റെ പുതിയ വൈസ് ചെയർമാൻ

**അശോക് കുമാർ ലാഹിരി**

  - 2002 മുതൽ 2007 വരെ (എ.ബി. വാജ്പേയി, മൻമോഹൻ സിംഗ് സർക്കാരുകളുടെ കാലത്ത്) ഇന്ത്യയുടെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവായിരുന്നു
  - നിലവിൽ പശ്ചിമ ബംഗാളിൽ നിന്നുള്ള എംഎൽഎയാണ്.
  - 15-ാം ധനകാര്യ കമ്മീഷൻ അംഗമായിരുന്നു
  - ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB), ലോക ബാങ്ക്, അന്താരാഷ്ട്ര നാണയ നിധി (IMF) എന്നിവയിലും പ്രവർത്തിച്ചിട്ടുണ്ട്.
  - കൂടാതെ **രാജീവ് ഗൗബ, കെ.വി. രാജു, ഗോബർധൻ ദാസ്, എം. ശ്രീനിവാസ്, അഭയ് കരണ്ടിക്കർ** എന്നിവരെ നീതി ആയോഗിന്റെ മുഴുവൻ സമയ അംഗങ്ങളായി സർക്കാർ നിയമിച്ചു.
  - ബി.വി.ആർ. സുബ്രഹ്മണ്യത്തിന്റെ കാലാവധി പൂർത്തിയായതിനെത്തുടർന്ന്, നീതി ആയോഗിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (സി.ഇ.ഒ) ആയി നിധി ഛിബ്ബർ അധിക ചുമതല ഏറ്റെടുത്തിരുന്നു

- പ്രസ് കൗൺസിൽ ഓഫ് ഇന്ത്യയുടെ (PCI) ചെയർപേഴ്സണായി വീണ്ടും നിയമിതയായത്

**ജസ്റ്റിസ് രഞ്ജന പ്രകാശ് ദേശായി**

  - പ്രസ് കൗൺസിൽ ഓഫ് ഇന്ത്യയുടെ അധ്യക്ഷയാകുന്ന ആദ്യ വനിത
  - 2022 ലാണ് ഇവർ ആദ്യമായി പ്രസ് കൗൺസിൽ അധ്യക്ഷയായി ചുമതലയേറ്റത്.
  - കേന്ദ്ര സർക്കാർ രൂപീകരിച്ച എട്ടാം ശമ്പള കമ്മീഷന്റെ അധ്യക്ഷയും ജസ്റ്റിസ് രഞ്ജന പ്രകാശ് ദേശായിയാണ് (ഇന്ത്യയിൽ ഒരു കേന്ദ്ര ശമ്പള കമ്മീഷനെ നയിക്കുന്ന ആദ്യ വനിത എന്ന ചരിത്രപരമായ നേട്ടം ജസ്റ്റിസ് രഞ്ജന പ്രകാശ് ദേശായിക്കാണ്.)
  - ഛത്തീസ്ഗഡ്, ഉത്തരാഖണ്ഡ് , ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കുന്നതിനായി രൂപീകരിച്ച ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ അധ്യക്ഷയായി നിയമിക്കപ്പെട്ടതും ജസ്റ്റിസ് രഞ്ജന പ്രകാശ് ദേശായിയാണ്

## Award

- 2026-ലെ ഐക്യരാഷ്ട്രസഭയുടെ നാലാമത് ജെൻഡർ ഇക്വാളിറ്റി മൊബിലൈസേഷൻ അവാർഡ് സ്വന്തമാക്കിയ മുൻസിപ്പൽ കോർപ്പറേഷൻ

**ഗുണ്ടൂർ മുൻസിപ്പൽ കോർപ്പറേഷൻ** (ആന്ധ്രാപ്രദേശ്)

- 2025 ലെ കേരള സംഗീത നാടക അക്കാദമിയുടെ സംസ്ഥാന പ്രൊഫഷണൽ നാടക പുരസ്കാരം
  - മികച്ച നാടകം - **വംശം**
  - മികച്ച നടൻ - **അനിൽ ചെങ്ങന്നൂർ**
  - മികച്ച നടി - **കലാമണ്ഡലം സന്ധ്യ രാമചന്ദ്രൻ**
  - മികച്ച സംവിധായകൻ - **സുരേഷ് ദിവാകരൻ**

## National

- അടുത്തിടെ CM-INSPIRE പദ്ധതി ആരംഭിച്ച സംസ്ഥാനം

  **മേഘാലയ**

  - യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ (യു.പി.എസ്.സി.) പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന യുവ ഉദ്യോഗാർത്ഥികളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണിത്

- വടക്ക്-കിഴക്കൻ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് ബ്നെയി മെനാഷെ വിഭാഗത്തിലുള്ള വരെ ഇസ്രായേലിൽ എത്തിക്കുന്നതിനായി ഇസ്രായേൽ ആരംഭിച്ച ദൗത്യം

  **ഓപ്പറേഷൻ വിങ്ങ് ഓഫ് ഡോൺ**

  - ഇസ്രയേലിലെ പത്ത് നഷ്ടപ്പെട്ട ഗോത്രങ്ങളിൽ ഒന്നായ 'മനാഷെ' ഗോത്രത്തിന്റെ പിൻഗാമികളാണ് ബ്നെയി മെനാഷെ വിഭാഗം

- ഇന്ത്യയുടെ ആദ്യത്തെ തദ്ദേശീയ അതിവേഗ ഇലക്ട്രിക് ബുള്ളറ്റ് ട്രെയിനായ 'B-28' കോച്ചുകൾ നിർമ്മിക്കുന്നതിനായി അടുത്തിടെ ഉദ്ഘാടനം ചെയ്ത പുതിയ നിർമ്മാണ കേന്ദ്രം

  **ആദിത്യ**

  - അതിവേഗ റെയിൽവേ കോച്ചുകളുടെ നിർമ്മാണത്തിനായി ബംഗളൂരുവിൽ സജ്ജമാക്കിയ ഇതിന്റെ ഉദ്ഘാടനം കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് നിർവഹിച്ചു .

## International

- 'ബസ്ര മെമ്മോറിയൽ' സ്ഥിതി ചെയ്യുന്ന രാജ്യം

  **ഇറാഖ്**

  - ഒന്നാം ലോകമഹായുദ്ധകാലത്ത് ഇറാഖിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിനായി യുദ്ധം ചെയ്ത് വീരമൃത്യുവരിച്ച 33,000 ഇന്ത്യൻ സൈനികരുടെ പേരുകൾ ബസ്ര മെമ്മോറിയലിൽ ആദ്യമായി ഡിജിറ്റൽ രൂപത്തിൽ ഉൾപ്പെടുത്തി ആദരിച്ചു.

- നവജാതശിശുക്കൾക്കും കൈക്കുഞ്ഞുങ്ങൾക്കുമായി ലോകാരോഗ്യ സംഘടന പ്രീക്വാളിഫിക്കേഷൻ (Prequalification) അംഗീകാരം നൽകിയ ആദ്യ മലേറിയ മരുന്ന്

  **ആർട്ടെമെതർ-ലുമെഫാൻട്രിൻ** (Artemether-lumefantrine)

## Space

- ഡാകി -2 (Daqi 2 /DQ 2) ഉപഗ്രഹം വിക്ഷേപിച്ച രാജ്യം

**ചൈന**

  - അന്തരീക്ഷത്തിലെ ഹരിതഗൃഹ വാതകങ്ങളും മലിനീകരണ തോതും കൃത്യമായി നിരീക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് വിക്ഷേപിച്ചത്

## Sports

- വേൾഡ് ബാഡ്മിന്റൺ ഫെഡറേഷന്റെ പുതിയ തീരുമാനപ്രകാരം 2027 ജനുവരി മുതൽ നിലവിൽ വരുന്ന പുതിയ സ്കോറിംഗ് രീതി

**3 x 15**

  - ബാഡ്മിന്റണിൽ നിലവിലുണ്ടായിരുന്ന 3 x 21 (3 ഗെയിമുകൾ, ഓരോന്നിലും 21 പോയിന്റുകൾ) സ്കോറിംഗ് രീതിക്ക് പകരമായി, 2027 ജനുവരി മുതൽ 3 x 15 (3 ഗെയിമുകൾ, ഓരോന്നിലും 15 പോയിന്റുകൾ) എന്ന പുതിയ സിസ്റ്റം നിലവിൽ വരും.
  - മത്സരങ്ങളുടെ ദൈർഘ്യം കുറയ്ക്കുക, കൂടാതെ 80-90 മിനിറ്റോളം നീളുന്ന മത്സരങ്ങൾ കാരണം കളിക്കാർക്കുണ്ടാകുന്ന ക്ഷീണവും പരിക്കും കുറയ്ക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

- IPL-ൽ ഒരു ഇന്ത്യൻ താരത്തിന്റെ ഏറ്റവും ഉയർന്ന വ്യക്തിഗത സ്കോർ നേടിയത്

**ലോകേഷ് രാഹുൽ** (152)

  - IPL-ലെ ഒരു ഇന്നിങ്സിൽ 150 ലധികം നേടിയ ആദ്യ ഇന്ത്യൻ താരവും ഇദ്ദേഹമാണ്
  - IPL-ലെ ഏറ്റവും ഉയർന്ന വ്യക്തിഗത സ്കോർ നേടിയത് - **ക്രിസ് ഗെയിൽ**

- IPL-ൽ 5000 റൺസ് നേടിയ ആദ്യ മലയാളി

**സഞ്ജു സാംസൺ**

  - IPL-ൽ ഏറ്റവും വേഗത്തിൽ 5000 റൺസ് നേടിയ ഇന്ത്യൻ താരവും സഞ്ജുവാണ്

## Demise

- 2026 ഏപ്രിലിൽ അന്തരിച്ച ലോകപ്രശസ്ത ഫോട്ടോഗ്രാഫർ

**രഘുനാഥ് റായ് ചൗധരി**

  - 1942 ഡിസംബർ 18 ന് ഝാങ്ങിൽ (ഇപ്പോൾ പാകിസ്ഥാനിൽ) ജനിച്ചു
  - ഇന്ത്യൻ ഫോട്ടോഗ്രഫിയുടെ പിതാവ്, ഇന്ത്യൻ ഫോട്ടോ ജേണലിസത്തിന്റെ പിതാവ് എന്നിങ്ങനെ അറിയപ്പെടുന്നു.
  - ഭോപ്പാൽ ദുരന്തത്തിന്റെ മുഖചിത്രങ്ങളിലൊന്നായ കണ്ണുകൾ പാതി തുറന്ന പിഞ്ചു ബാലന്റെ മൃതദേഹത്തിന്റെ ചിത്രം രഘു റായിയുടെ ക്യാമറ കണ്ണുകളിലൂടെയാണ് ലോകം കണ്ടത്.
  - ഇന്ദിരാഗാന്ധി മുതലുള്ള ഇന്ത്യയുടെ ഭരണാധികാരികളുടെ അത്യപൂർവമായ ചിത്രങ്ങളുടെ ശേഖരം രഘു റായ് എടുത്തിട്ടുണ്ട്

- മദർ തെരേസയുടെ ഏറ്റവും കൂടുതൽ ചിത്രങ്ങൾ പകർത്തിയ ഫോട്ടോഗ്രാഫറെന്ന പേരും അദ്ദേഹത്തിനുണ്ട്.
- ഭോപ്പാൽ വാതക ദുരന്തം കവർ ചെയ്തു. ഇതിനെക്കുറിച്ച് പിന്നീട് പുസ്തകവും ഡോക്യുമെന്ററിയും തയ്യാറാക്കി. പുസ്തകത്തിന്റെ പേര് 'എക്സ്പോഷർ, എ കോർപറേറ്റ് ക്രൈം' എന്നാണ്.
- 1972- ൽ അദ്ദേഹത്തിന് പത്മശ്രീ ലഭിച്ചു. 1992 ൽ, യുഎസിൽ അദ്ദേഹത്തെ 'ഫോട്ടോഗ്രാഫർ ഓഫ് ദി ഇയർ' ആയി തിരഞ്ഞെടുത്തു. 2019 ൽ, ഫോട്ടോഗ്രാഫിയിലെ ഏറ്റവും മികച്ച അന്താരാഷ്ട്ര ബഹുമതികളിലൊന്നായ Academie des Beaux Arts Photography Award അദ്ദേഹം നേടി. 2017 ൽ ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയം അദ്ദേഹത്തിന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡും നൽകി.

**Today's MCQ**

1. 2026-ൽ ലത ദീനനാഥ് മങ്കേഷ്കർ അവാർഡിന് അർഹത നേടിയത് ആര് ?

   a) കുമാർ മംഗലം ബിർള b) നരേന്ദ്ര മോദി

   c) കൈലാഷ് സത്യാർത്ഥി d) ആശ ബോസ്‌ലെ

2. അടുത്തിടെ ഇംഗ്ലീഷിനൊപ്പം ഖാസി, ഖാരോ ഭാഷകൾ ഔദ്യോഗിക ഭാഷകളായി അംഗീകരിക്കപ്പെട്ട സംസ്ഥാനം ഏത് ?

   a) അസം b) മേഘാലയ

   c) ത്രിപുര d) സിക്കിം

**Ans : 1. (c), 2. (b)**


TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
29



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 29 APRIL 2026

## Award

- 2026-ലെ അക്കിത്തം പുരസ്കാരത്തിന് അർഹനായത്

**വി. മധുസൂദനൻ നായർ**

  - തപസ്യ കാലാസാഹിത്യ വേദി നൽകുന്ന പുരസ്കാരമാണിത്
  - സമ്മാനത്തുക - **1 ലക്ഷം രൂപ**

## Book and Author

- The Tale of Kaho എന്ന ബുക്ക് എഴുതിയത്

**ഹരുകി മുറകാമി**

  - ജാപ്പനീസ് എഴുത്തുകാരൻ
  - ഒരു സ്ത്രീ പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്ന മുറകാമിയുടെ ആദ്യത്തെ മുഴുനീള നോവലെന്ന നിലയിൽ ഇത് ശ്രദ്ധേയമാണ്.

## Kerala

- കേരള വനംവകുപ്പ് പാമ്പുകളെക്കുറിച്ചുള്ള വിവരങ്ങൾക്കും രക്ഷാപ്രവർത്തനങ്ങൾക്കുമായി പുറത്തിറക്കിയ മൊബൈൽ ആപ്ലിക്കേഷൻ

**SARPA**

  - SARPA - **Snake Awareness, Rescue and Protection App**
  - ആപ്പിന്റെ ബ്രാൻഡ് അംബാസഡർ - **ടൊവിനോ തോമസ്**

## National

- ലഡാക്കിൽ രൂപീകരിച്ച പുതിയ ജില്ലകൾ

**നുബ്ര** (Nubra), **ശാം** (Sham), **ചാങ്താങ്** (Changthang), **സാൻസ്കർ** (Zanskar), **ദ്രാസ്** (Drass)

  - ലേ, കാർഗിൽ എന്നിവ ഉൾപ്പടെ ആകെ 7 ജില്ലകളാണ് ഇപ്പോൾ ലഡാക്കിൽ ഉള്ളത്.
  - ലഡാക്ക് ലെഫ്റ്റനന്റ് ഗവർണർ - **വിനയ് കുമാർ സക്സേന**
  - 2019 ഓഗസ്റ്റ് 5ന് ആർട്ടിക്കിൾ 370 റദ്ദാക്കിയതിന് ശേഷം, 2019 ഒക്ടോബർ 31നാണ് ജമ്മു-കാശ്മീർ സംസ്ഥാനത്തെ വിഭജിച്ച് ലഡാക്ക് ഒരു കേന്ദ്രഭരണ പ്രദേശമായി രൂപീകരിച്ചത്.
  - ഇന്ത്യയിലെ ഏറ്റവും വലിയ കേന്ദ്രഭരണ പ്രദേശമാണ് ലഡാക്ക്
  - ഇന്ത്യയുടെ ശീതമരുഭൂമി എന്ന് വിളിക്കുന്നു.

- 2026 ഏപ്രിലിൽ ടൈം മാഗസിൻ പുറത്തുവിട്ട 2026-ലെ ഏറ്റവും സ്വാധീനമുള്ള 100 പേരുടെ പട്ടികയിൽ ഇടംനേടിയ ഇന്ത്യൻ ചലച്ചിത്ര നടൻ

**രൺബീർ കപൂർ**

  - ഗൂഗിൾ സി.ഇ.ഒ. സുന്ദർ പിച്ചൈ , ഷെഫ് വികാസ് ഖന്ന എന്നീ ഇന്ത്യക്കാരും ലിസ്റ്റ് ഉൾപ്പെട്ടിട്ടുണ്ട്

- ഉപേക്ഷിക്കപ്പെട്ട എണ്ണ പ്രകൃതിവാതക കിണറുകളിൽ നിന്നുള്ള ഭൗമതാപോർജം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പ്ലാന്റ് ആരംഭിച്ചത്

**അങ്കലേശ്വർ** (ഗുജറാത്ത്)

  - പദ്ധതി മദ്രാസ്സിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐ.ഐ.ടി) പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നു.
  - ഗുജറാത്തിലെ സൂറത്തിനടുത്തുള്ള അങ്കലേശ്വറിലെ ഓയിൽ ആൻഡ് നാച്ചുറൽ ഗ്യാസ് കോർപ്പറേഷൻ (ഒ.എൻ.ജി.സി.) സൈറ്റിലാണ് പൈലറ്റ് പ്രോജക്റ്റ് വരുന്നത്

- 2027 സെൻസസ് നടപടികൾ എളുപ്പമാക്കുന്നതിനായി ഓഫീസ് ഓഫ് ദി രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ് കമ്മീഷണർ പുറത്തിറക്കിയ ദേശീയ ടോൾ ഫ്രീ ഹെൽപ്പ്ലൈൻ നമ്പർ

**1855**

  - സെൻസസ് 2027മായി ബന്ധപ്പെട്ട സംശയങ്ങൾ ദുരീകരിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി 1855 എന്ന ദേശീയ ടോൾ ഫ്രീ നമ്പർ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നിലവിൽ വന്നു.
  - 2027-ലെ ഇന്ത്യയുടെ സെൻസസിന്റെ ഔദ്യോഗിക ഭാഗ്യചിഹ്നങ്ങൾ - **പ്രഗതി, വികാസ്**

- അടുത്തിടെ വാർത്തകളിൽ ഇടംനേടിയ, സൈബർ സുരക്ഷയ്ക്ക് വലിയ ഭീഷണിയാകുമെന്ന് മുന്നറിയിപ്പ് നൽകപ്പെട്ട നിർമ്മിതബുദ്ധി (AI) മോഡൽ

**ക്ലോഡ് മിത്തോസ്** (Claude Mythos)

  - അമേരിക്കൻ എ.ഐ കമ്പനിയായ 'ആന്ത്രോപിക്' വികസിപ്പിച്ചെടുത്ത ഏറ്റവും പുതിയ നിർമ്മിത ബുദ്ധി മോഡലാണിത്.
  - സാധാരണ ചാറ്റ്ബോട്ടുകളിൽ നിന്ന് വ്യത്യസ്തമായി, കമ്പ്യൂട്ടർ സിസ്റ്റങ്ങളിലെയും സോഫ്റ്റ് വെയറുകളിലെയും സൈബർ സുരക്ഷാ പിഴവുകൾ (Vulnerabilities) വളരെ വേഗത്തിലും കൃത്യതയിലും കണ്ടെത്താൻ ഇതിന് കഴിയും.
  - ഈ മോഡൽ വളരെ ശക്തവും അപകടകാരിയുമായതിനാൽ കമ്പനി ഇത് പൊതുജനങ്ങൾക്കായി ഔദ്യോഗികമായി പുറത്തിറക്കിയിട്ടില്ല.
  - ഹാക്കർമാരുടെ കൈകളിൽ എത്തിയാൽ വലിയ സൈബർ ആക്രമണങ്ങൾക്ക് ഇത് കാരണമാകും.

## International

- SIPRI റിപ്പോർട്ട് പ്രകാരം 2025-ൽ ലോകത്ത് പ്രതിരോധ മേഖലയ്ക്കായി ഏറ്റവും കൂടുതൽ തുക ചെലവഴിച്ച രാജ്യം

  **യു.എസ്.**

  - രണ്ടാം സ്ഥാനത്ത് - **ചൈന**
  - മൂന്നാം സ്ഥാനത്ത് - **റഷ്യ**
  - ഇന്ത്യയുടെ സ്ഥാനം - **5**
  - SIPRI - **Stockholm International Peace Research Institute**

- അടുത്തിടെ 15 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സോഷ്യൽ മീഡിയ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള ബിൽ പാസാക്കിയ രാജ്യം

  **തുർക്കി**

  - അപകടകരമായ ഓൺലൈൻ പ്രവർത്തനങ്ങളിൽ നിന്ന് യുവാക്കളെ സംരക്ഷിക്കുക എന്നതാണ് ലക്ഷ്യം

- സ്പെയിനിനെ നാറ്റോയിൽ നിന്ന് പുറത്താക്കണമെന്ന് ആവശ്യം NATO തള്ളി
  - നാറ്റോ സ്ഥാപിതമായത് - **ഏപ്രിൽ 4, 1949**
  - ആസ്ഥാനം - **ബ്രസ്സൽസ്, ബെൽജിയം**
  - സെക്രട്ടറി ജനറൽ - **മാർക്ക് റൂട്ടെ**
  - ആകെ അംഗങ്ങൾ - **32**

## Sports

- രണ്ട് മണിക്കൂറിനുള്ളിൽ മാരത്തൺ പൂർത്തിയാക്കിയ ആദ്യ വ്യക്തി

  **സബാസ്റ്റിയൻ സാവെ**

  - 2026 ലണ്ടൻ മാരത്തണിൽ കെനിയയുടെ സബാസ്റ്റിയൻ സാവെ ഒരു മണിക്കൂർ 59 മിനിറ്റ് 30 സെക്കൻഡിൽ വിജയ സമയം കുറിച്ചു.
  - 2023-ലെ ചിക്കാഗോ മാരത്തണിൽ കെൽവിൻ കിപ്റ്റം സ്ഥാപിച്ച 2:00:35 എന്ന മുൻ ലോക റെക്കോർഡ് തകർത്തു.

## Today's MCQ

1. നീതി ആയോഗിന്റെ പുതിയ വൈസ് ചെയർമാൻ

   a) അശോക് കുമാർ ലാഹിരി　　b) രാജീവ് ഗൗബ

   c) കെ.വി. രാജു　　d) ഗോബർധൻ ദാസ്

2. അടുത്തിടെ CM-INSPIRE പദ്ധതി ആരംഭിച്ച സംസ്ഥാനം

   a) ഒഡീഷ　　b) മേഘാലയ

   c) മഹാരാഷ്ട്ര　　d) ഗുജറാത്ത്

**Ans : 1. (a), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL, MAY
30,01



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES APRIL 30, 01 MAY 2026

## Book and Author

- ‘ഇന്ത്യയെ വിവർത്തനം ചെയ്യുമ്പോൾ’ എന്ന പുസ്തകം രചിച്ചത്

  **കെ. സച്ചിദാനന്ദൻ**

  - കേരള സാഹിത്യ അക്കാദമി പ്രസിഡന്റാണ് ഇദ്ദേഹം

## Award

- 49-ാമത് കേരള ഫിലിം ക്രിട്ടിക്സ് അവാർഡ് 2025
  - മികച്ച നടൻ - **മോഹൻലാൽ** (തുടരും, ഹൃദയപൂർവ്വം)
  - മികച്ച നടി - **കല്യാണി പ്രിയദർശൻ** (ലോക : ചാപ്റ്റർ 1 ചന്ദ്ര)
    **അനശ്വര രാജൻ** (രേഖാചിത്രം, മിസ്റ്റർ & മിസിസ്സ് ബാച്ച്ലർ)
  - മികച്ച ചിത്രം - **എക്കോ** (സംവിധാനം - ദിൻജിത് അയ്യത്താൻ)
  - മികച്ച സംവിധായകൻ - **ഡൊമിനിക്ക് അരുൺ** (ലോക: ചാപ്റ്റർ 1 ചന്ദ്ര)
  - സമഗ്രസംഭാവനകളെ മാനിച്ച് നൽകുന്ന ചലച്ചിത്രരത്നം പുരസ്കാരം ഗായകനും സംഗീത സംവിധായകനുമായ എം.ജി. ശ്രീകുമാറിന് സമ്മാനിക്കും.

## Kerala

- കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന എം.എം.സി (MMC) ബാങ്കിനെ തൃപ്പൂണിത്തുറ പീപ്പിൾസ് അർബൻ കോഓപ്പറേറ്റീവ് ബാങ്ക് ഏറ്റെടുത്തു.
  - കേരളത്തിന്റെ സഹകരണ ചരിത്രത്തിൽ ആദ്യമായാണ് ഒരു അർബൻ സഹകരണ ബാങ്ക് മറ്റൊരു ബാങ്കിനെ ഏറ്റെടുക്കുന്നത്.
  - എം.എം.സി ബാങ്കിന്റെ ദുർബലമായ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ബാങ്കിനെ മറ്റൊരു ബാങ്കുമായി ലയിപ്പിക്കാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (RBI) നിർദ്ദേശം നൽകിയിരുന്നു

## National

- ഇന്ത്യൻ റെയിൽവേയിലെ വൈദ്യുതീകരണത്തിന്റെ 100 വർഷത്തിന്റെ ഭാഗമായി വർണ്ണ നാണയം പുറത്തിറക്കി
  - 100 രൂപയുടെ സ്മാരക നാണയമാണിത്
  - നാണയത്തിൽ വന്ദേഭാരത് ട്രെയിനിന്റെ വർണ്ണ ചിത്രം ആലേഖനം ചെയ്തിരിക്കുന്നു. നാണയത്തിൽ ‘1925-2025’ എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.
- 2026 ഏപ്രിലിൽ തെലങ്കാന മുൻ മുഖ്യമന്ത്രി കെ. ചന്ദ്രശേഖർ റാവുവിന്റെ മകളായ കെ. കവിത രൂപീകരിച്ച പുതിയ രാഷ്ട്രീയ പാർട്ടി

  **തെലങ്കാന രാഷ്ട്ര സേന**

- അടുത്തിടെ ഇന്ത്യ സന്ദർശിച്ച യുഎൻ ജനറൽ അസംബ്ലി പ്രസിഡന്റ്

  **Annalena Baerbock**

  - ഐക്യരാഷ്ട്രസഭയുടെ 80-ാമത് ജനറൽ അസംബ്ലിയുടെ അധ്യക്ഷയായ ബെയർബോക്ക് അടുത്തിടെ ഇന്ത്യ സന്ദർശിച്ചു
  - UNGA - **United Nations General Assembly**
  - ആസ്ഥാനം - **ന്യൂയോർക്ക്**
  - ഐക്യരാഷ്ട്രസഭയുടെ പ്രധാന നയരൂപീകരണ വിഭാഗമാണിത്. എല്ലാ അംഗരാജ്യങ്ങൾക്കും ഇതിൽ പ്രാതിനിധ്യമുണ്ട്.

- അടുത്തിടെ ഏഷ്യൻ വൈൽഡ് വാട്ടർ ബഫല്ലോകളെ വിജയകരമായി പുനരധിവസിപ്പിച്ച ദേശീയ ഉദ്യാനം

  **കൻഹ നാഷണൽ പാർക്ക്** (മധ്യപ്രദേശ്)

  - ഒരു നൂറ്റാണ്ട് മുമ്പ് മധ്യപ്രദേശിൽ നിന്ന് വംശനാശം സംഭവിച്ച ഏഷ്യാറ്റിക് വൈൽഡ് വാട്ടർ ബഫല്ലോകളെ, കൻഹ ടൈഗർ റിസർവിലെ വനങ്ങളിൽ വിജയകരമായി പുനരുജ്ജീവിപ്പിച്ചു
  - അസമിലെ കാസിരംഗ നാഷണൽ പാർക്കിൽ നിന്നുമാണ് ഇവയെ കൊണ്ടുവന്നത്.

- ഇന്ത്യയിലെ ഏറ്റവും നീളമേറിയ ഗ്രീൻഫീൽഡ് എക്സ്പ്രസ് വേ

  **ഗംഗ എക്സ്പ്രസ് വേ**

  - ഉത്തർപ്രദേശിലെ ഏറ്റവും നീളം കൂടിയ എക്സ്പ്രസ് വേ
  - ഉത്തർപ്രദേശിലെ മീററ്റ് മുതൽ പ്രയാഗ്‌രാജ് വരെ നീളുന്ന ഈ പാതയ്ക്ക് 594 കിലോമീറ്റർ ദൂരമുണ്ട്
  - 12 ജില്ലകളിലൂടെയാണ് ഇത് കടന്നുപോകുന്നത്.
  - ഇന്ത്യയിലെ ആദ്യത്തെ എക്സ്പ്രസ് വേ - **മുംബൈ-പുനെ എക്സ്പ്രസ് വേ**

## International

- 2026 ൽ ഒപെക്, ഒപെക് പ്ലസ് എന്നീ സംഘടനകളിൽ നിന്ന് പിന്മാറാൻ തീരുമാനിച്ച രാജ്യം

  **യു.എ.ഇ.**

  - ഇതിനുമുമ്പ് 2019ൽ ഖത്തർ ഒപെക്കിൽ നിന്ന് പിന്മാറിയിരുന്നു.
  - OPEC - **Organization of the Petroleum Exporting Countries**
  - സ്ഥാപിതമായത് - **1960 സെപ്റ്റംബർ**
  - ആസ്ഥാനം - **വിയന്ന, ഓസ്ട്രിയ**
  - OPEC പ്ലസ് രൂപീകൃതമായത് - **2016**
  - ഒപെക് രാജ്യങ്ങൾക്ക് പുറമെ, ലോകത്തെ മറ്റ് പ്രമുഖ എണ്ണ ഉൽപ്പാദകരായ റഷ്യ, മെക്സിക്കോ, കസാഖ്സ്ഥാൻ തുടങ്ങിയ രാജ്യങ്ങൾ കൂടി ഉൾപ്പെടുന്ന സഖ്യമാണിത്.

- അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ 250-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പുറത്തിറക്കുന്ന അനുസ്മരണ പാസ്പോർട്ടുകളിൽ ഉൾപ്പെടുന്ന ചിത്രത്തിലെ വ്യക്തി

**ഡൊണാൾഡ് ട്രംപ്**

  - അമേരിക്കൻ കറൻസികളിൽ ട്രംപിന്റെ ഒപ്പും, അദ്ദേഹത്തിന്റെ ചിത്രം പതിപ്പിച്ച സ്വർണ്ണ നാണയവും പുറത്തിറക്കാൻ തീരുമാനിച്ചതിന് പിന്നാലെയാണ് ഈ പുതിയ നീക്കം.
  - അമേരിക്കയുടെ പുതിയ പേപ്പർ കറൻസികളിൽ പ്രസിഡന്റ് ട്രംപിന്റെ ഒപ്പ് രേഖപ്പെടുത്തുമെന്ന് ട്രഷറി ഡിപ്പാർട്ട്മെന്റ് അറിയിച്ചു. അധികാരത്തിലിരിക്കുന്ന ഒരു പ്രസിഡന്റിന്റെ ഒപ്പ് അമേരിക്കൻ കറൻസിയിൽ വരുന്നത് ഇതാദ്യമാണ്.

## Sports

- 2027-ലെ ലോക പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് ആതിഥേയത്വം വഹിക്കുന്നത്

**താഷ്കെന്റ്**

  - 2025 വേദി - **ഡൽഹി**

- IPL ചരിത്രത്തിൽ 9,000 റൺസ് തികയ്ക്കുന്ന ആദ്യ താരം

**വിരാട് കോഹ്‌ലി**

  - IPL-ൽ ഏറ്റവും കൂടുതൽ റൺസ് നേടിയതും ഏറ്റവും കൂടുതൽ സെഞ്ചുറികൾ നേടിയതും കോഹ്‌ലിയാണ്

- 2026 ഐ.ബി.എസ്.എഫ് വേൾഡ് ബില്യാർഡ്സ് ചാമ്പ്യൻഷിപ്പ് ജേതാവ്

**സൗരവ് കോത്താരി**

  - ഫൈനലിൽ പങ്കജ് അദ്വാനിയെ പരാജയപ്പെടുത്തി

## Today's MCQ

1. 2026 ഏപ്രിലിൽ ടൈം മാഗസിൻ പുറത്തുവിട്ട 2026-ലെ ഏറ്റവും സ്വാധീനമുള്ള 100 പേരുടെ പട്ടികയിൽ ഇടംനേടിയ ഇന്ത്യൻ ചലച്ചിത്ര നടൻ

   a) ഷാരൂഖ് ഖാൻ b) രൺബീർ കപൂർ

   c) അമിതാബ് ബച്ചൻ d) രജനീകാന്ത്

2. 2027 സെൻസസ് നടപടികൾ എളുപ്പമാക്കുന്നതിനായി ഓഫീസ് ഓഫ് ദി രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ് കമ്മീഷണർ പുറത്തിറക്കിയ ദേശീയ ടോൾ ഫ്രീ ഹെൽപ്പ്‌ലൈൻ നമ്പർ

   a) 1855 b) 1995

   c) 1908 d) 1805

**Ans : 1. (b), 2. (a)**